
സമീക്ഷ

വാല്യം 6
2022 - 2023



തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

# സോഷ്യോളജി ഗവേഷണ ജേർണൽ

Included In UGC Care List

# സാമൂഹ്യ വിഷയങ്ങളുടെ സമൂഹശാസ്ത്ര വിചിന്തനങ്ങൾ

ഇഷ്യൂ എഡിറ്റർ:
**ഡോ. സ്വപ്നാറാണി എസ്. എസ്.**

6 സോഷ്യോളജി ഗവേഷണ ജേർണൽ സാമൂഹ്യ വിഷയങ്ങളുടെ സമൂഹശാസ്ത്ര വിചിന്തനങ്ങൾ

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
സോഷ്യോളജി ഗവേഷണ ജേർണൽ
Included In UGC Care List
സാമൂഹ്യ വിഷയങ്ങളുടെ സമൂഹശാസ്ത്ര വിചിന്തനങ്ങൾ
ഇഷ്യൂ എഡിറ്റർ:
ഡോ. സ്വപ്നാറാണി എസ്. എസ്.

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട് പി.ഒ, തിരൂർ
മലപ്പുറം, കേരളം 676 502

## ഉള്ളടക്കം


എഡിറ്റോറിയൽ 04

1. മനുഷ്യ-വന്യജീവി സംഘർഷവും ആനകാവൽക്കാരും: ജീവനം, ഉപജീവനം, വെല്ലുവിളികൾ 05–22
ലിജോ പി ജോർജ് & എം എസ് ജയകുമാർ

2. പുനരധിവാസവും നഷ്ടപരിഹാരവിതരണവും: വല്ലാർപ്പാടം പദ്ധതിയെ മുൻനിർത്തിയുള്ള സമൂഹശാസ്ത്രപഠനം 23–46
ബുഷറാ ബീഗം ആർ. കെ.

3. പാൻ ഇന്ത്യൻ ചലച്ചിത്രങ്ങളിലെ സ്ത്രീ പുരുഷ കഥാപാത്ര നിർമിതി : സൈദ്ധാന്തിക പരിസരങ്ങൾ 47–55
വിദ്യ ആർ.

4. കുംഭാര സമൂഹത്തിലെ സ്ത്രീജീവിതങ്ങൾ 56–64
സവ്യ വി. നീലങ്കാവിൽ, ഡോ. പുഷ്പം എം.

5. സ്ത്രീ ഉന്നമനവും കേരളീയ നവോത്ഥാനവും : ഒരു പുനർവായന 65–81
മായാദേവി എം.

6. മധ്യകാല കേരളീയ സമൂഹപഠനം ലിഖിതവിജ്ഞാനീയത്തിലൂടെ 82–97
മഞ്ജുഷ ആർ. വർമ്മ

7. ചിലപ്പതികാരം : കാലം, ദേശം, കേരളീയസമൂഹം 98–118
ശുഭ കെ.

8. കേരളത്തിലെ ഗോത്രവിഭാഗങ്ങളും സർക്കാർ പദ്ധതികളും : പ്രശ്നങ്ങളും പ്രതിസന്ധികളും മുൻനിർത്തി ഒരു അവലോകനം 119–133
സി. ഗണേഷ്

9. ഓണവില്ല് ചിത്രകലയും: സാമൂഹിക സാംസ്കാരിക തലങ്ങളും 134–147
സാജു കെ. നായർ

10. പൊതുഇടവും സ്ത്രീനിർമിതിയും: കേരളീയ സാമൂഹ്യപരിസരങ്ങളിൽ 148–172
സ്വപ്നാറാണി എസ്.എസ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
സോഷ്യോളജി ഗവേഷണ ജേണൽ
സമീക്ഷ
വാല്യം 6
2022 - 2023

# ചിലപ്പതികാരം : കാലം, ദേശം, കേരളീയസമൂഹം

■ ശുഭ കെ.*

**സംഗ്രഹം**

ഇന്ത്യൻ ഇതിഹാസകാവ്യപാരമ്പര്യത്തിലെ ഏറ്റവും ശ്രേഷ്ഠമായ ആഖ്യാനമാതൃകകളിലൊന്നാണ് ഇളങ്കോവടികൾ രചിച്ച *ചിലപ്പതികാരം*. സാഹിത്യവും സംസ്കാരവും തമ്മിലുള്ള വിനിമയ ബന്ധങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾ സംസ്കാരപഠനത്തിന്റെ താല്പര്യമേഖലകളിലൊന്നാണ്. സമകാലിക സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രസങ്കല്പനങ്ങളുമായി ബന്ധപ്പെടുത്തി ചിലപ്പതികാരത്തെ വായിക്കുമ്പോൾ കേരളീയസമൂഹ്യ ജീവിതക്രമങ്ങളെ നിർമ്മിക്കുകയും നിർണ്ണയിക്കുകയും ചെയ്ത നിരവധി ചരിത്രസന്ദർഭങ്ങൾ ചിലപ്പതികാരത്തിന്റെ ആഖ്യാനപാഠത്തിൽ നിന്ന് കണ്ടെത്തുവാൻ കഴിയും. ജാതി, തൊഴിൽ, കലാവിഷ്ക്കാരങ്ങൾ, സാമ്പത്തിക നിർണ്ണയനങ്ങൾ, ലിംഗപദവിബന്ധങ്ങൾ എന്നിങ്ങനെ കേരളസമൂഹ രൂപികരണവുമായി ബന്ധപ്പെട്ട നിരവധി ഘടകങ്ങൾ ചിലപ്പതികാര കാവ്യത്തിലുണ്ട്. സംസ്കാരചരിത്രത്തെ വിശകലനം ചെയ്യുവാൻ കഴിയുന്ന പാഠാനുഭവമായി ചിലപ്പതികാരത്തെ കണ്ടുകൊണ്ട് കേരള സമൂഹരൂപീകരണത്തിലും സംസ്കാരചരിത്രത്തിലും ചിലപ്പതികാര കാവ്യത്തിന്റെ ഇടപെടലുകളെ അന്വേഷിക്കുന്നു പ്രബന്ധം.

## ആമുഖം

ദക്ഷിണേന്ത്യൻസാഹിത്യത്തിന്റെ പേശീബലത്തെ ഊട്ടിയുറപ്പിക്കുന്നതിൽ സംഘം കൃതികൾ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ക്രിസ്തുവർഷം ആദ്യ ശതകങ്ങളിൽ എഴുതപ്പെട്ടതോ സമാഹരിക്കപ്പെട്ടതോ ആയ സംഘം കൃതികളിൽ നിന്ന് അക്കാലത്ത് കേരളത്തിൽ നിലനിന്നിരുന്ന സാമൂഹിക രാഷ്ട്രീയ വ്യവസ്ഥയെക്കുറിച്ചും, സംസ്കാരത്തെക്കുറിച്ചും നിരവധി സൂചനകൾ കണ്ടെത്തുവാൻ കഴിയും. ദക്ഷിണേന്ത്യയിൽ ദ്രാവിഡർ പ്രബല രാഷ്ട്രീയ ശക്തിയായി മാറുന്നതിന്റെയും നാട്ടുരാജ്യങ്ങളുടെ അധികാരകേന്ദ്രങ്ങളായി

---

* അസിസ്റ്റന്റ് പ്രൊഫസർ, സാഹിത്യപഠനവിഭാഗം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ, മലപ്പുറം.

ത്തീരുന്നതിന്റെയും ചരിത്രം സംഘം കൃതികളിലുണ്ട്. തൊണ്ടൈനാട്, ചോളനാട് , പാണ്ടിനാട്, ചേരനാട് എന്നിങ്ങനെ നാല് പ്രധാന സാമ്രാജ്യങ്ങളും നിരവധി ചെറു രാജ്യങ്ങളുമായി വിഭജിക്കപ്പെട്ടതായിരുന്നു അന്നത്തെ തമിഴകം.

സമൂഹവും സാഹിത്യവും തമ്മിലുള്ള വിനിമയബന്ധങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾ സമൂഹശാസ്ത്രപഠനത്തിന്റെ പ്രധാനതാല്പര്യമേഖലകളിലൊന്നാണ്. ക്ലാസിക്ക് കൃതികളുടെ ഉള്ളടക്കവും ആഖ്യാനസന്ദർഭവും സമൂഹികമായ നിരവധി ഘടകങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. വിവിധതരം സമൂഹകൂട്ടായ്മകൾ, ആചാരാനുഷ്ഠാനങ്ങൾ, അവരുടെ നൃത്തരൂപങ്ങൾ, ഗാനപ്രയോഗങ്ങൾ, തുടങ്ങി നിരവധി സാമൂഹ്യാനുഭവങ്ങളിലേക്ക് കൃതിസഞ്ചരിച്ചെത്തുന്നു. ചിലപ്പതികാരം കേവലമായ പ്രദേശാനുഭവങ്ങളിൽ നിന്നും ചരിത്രപരവും, സാമൂഹികവും സാംസ്കാരികവുമായ പാഠങ്ങളിലേക്ക് വികസിക്കുന്നത് അത്തരം ആലോചനകളിലാണ്.

തമിഴിലെ അഞ്ച് ഇതിഹാസകാവ്യങ്ങളിൽ ഏറ്റവും പ്രശസ്തമായ ചിലപ്പതികാരം കേരളവുമായുള്ള സംബന്ധം നിമിത്തം മലയാളികളുടെ പഠനത്തിനും ആസ്വാദനത്തിനും ഏറെ വിഷയമായിട്ടുള്ള കാവ്യമാണ്[1]. ആഖ്യാനപാഠത്തിന്റെ കേരളീയ സമൂഹജീവിതത്തിന്റെ നിരവധി പരാമർശങ്ങൾ ഉള്ളതുകൊണ്ട് തന്നെ ചിലപ്പതികാരത്തിന്റെ സാഹിതീയ മൂല്യത്തെക്കുറിച്ചും സാമൂഹ്യഭാഗത്തെക്കുറിച്ചും, നിരവധി പഠനങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. 1894-ൽ പ്രശസ്തപണ്ഡിതനായ ഡോക്ടർ സ്വാമിനാഥയ്യർ ഈ കാവ്യം കണ്ടെത്തി പ്രകാശിപ്പിച്ചതോടെയാണ് ചിലപ്പതികാരത്തിനു വിപുലമായ വായന ഉണ്ടായത്[2] . ചേര, ചോള, പാണ്ഡ്യ രാജ്യങ്ങളിലെ സാമൂഹിക, രാഷ്ട്രീയ പരിവർത്തനങ്ങളാലാകാം ചിലപ്പതികാരത്തിന് ഏറെക്കാലം അന്ധകാര നിബിഡമായ ഗ്രന്ഥപ്പുരകളിൽ കഴിയേണ്ടിവന്നത്. ചേരരാജാവായ ചേരൻ ചെങ്കുട്ടുവന്റെ സഹോദരനായ ഇളങ്കോവടികളാണ് ചിലപ്പതികാര കർത്താവെന്നു കരുതപ്പെടുന്നു[3]. കുറേയേറെ ഐതിഹ്യങ്ങൾ മാത്രമാണ് ഇളംകോവടികളെക്കുറിച്ച് നിലവിലുള്ളത്. ഐതിഹ്യപ്രകാരം, ഏതോ ജോൽസ്യൻ അദ്ദേഹം രാജാവാകുമെന്ന് പ്രവചിച്ചപ്പോൾ യഥാർത്ഥ അവകാശിയായ ജ്യേഷ്ഠൻ ചെങ്കുട്ടുവൻ ജീവിച്ചിരിക്കെ അത് സംഭവിക്കാൻ പാടില്ലെന്നു കരുതി ജൈനമതം സ്വീകരിച്ച് സന്യാസിയായി തീർന്നുവത്രേ. ശൈവയോഗിയായിരുന്ന ഇളങ്കോവടികൾ പ്രേയസിയുടെ അകാലചരമത്തെത്തുടർന്ന് സ്ഥാനത്യാഗം ചെയ്തു സന്യസിച്ചു എന്നും പറയപ്പെടുന്നുണ്ട്. ചേരമാൻ കോട്ടമ്പലത്തുതുഞ്ചിയ (തീപ്പെട്ട) മാക്കോതൈ എന്ന് ഇളങ്കോവടികൾക്ക് ഒരു തമിഴ് സംഘനാമമുള്ളതായി സംഘസാഹിത്യചരിത്രത്തിൽ പരാമർശമുണ്ട് (2003:413). പുറനാനൂറിൽ പ്രേയസിയുടെ അകാലചരമത്തെപ്പറ്റി ഇദ്ദേഹത്തിന്റേതായി ഒരു വിലാപഗീതം കാണുന്നുണ്ട്.

*യാങ്കുപ്പെരിതായിനു നോയളവെനൈത്തേ*
*ഉയിർചെകുക്കല്ലാ മതുകൈത്തൺമൈയിർ*
*കള്ളി പോകിയ കളരിയം പറന്തലൈ*
*വെള്ളിടൈപ്പൊത്തിയ വിളൈവിറ കീമ*

*തൊള്ളഴർ പള്ളിപ്പായൽ ചേർത്തി*
*ഞാങ്കർ മായ്ന്തനൾ മടന്തൈ*
*ഇന്നും വാഴ്‌വലെന്നിതൻ പൺപേ (1997:864)*

ബുദ്ധമതതത്വങ്ങളെ വിശദീകരിക്കുന്ന മണിമേഖല കാവ്യം ചിലപ്പതികാരകാവ്യത്തിന്റെ തുടർച്ചയാണെന്നു പറയാമെങ്കിലും രണ്ടും ഒരേ കാലഘട്ടത്തിൽ രചിച്ചവയാണെന്നതിനു വിശ്വാസയോഗ്യമായ തെളിവുകൾ ഒന്നും തന്നെയില്ല. ദേശകാലചരിത്രത്തെക്കുറിച്ചുള്ള വസ്തുതാപരമായ നിരവധി അന്വേഷണങ്ങൾക്ക് വഴിതുറന്നുതരുന്ന കാവ്യമാണ് ചിലപ്പതികാരം.

## ചിലപ്പതികാരകാലം

ചിലപ്പതികാരത്തിന്റെ രചനാകാലത്തെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമാണുള്ളത്. സംഘകാലസാഹിത്യത്തെക്കുറിച്ച് ആധികാരികമായി പഠനം നടത്തിയിട്ടുള്ള പ്രൊഫ. എ. വൈയാപുരിപിള്ള സംഘംകൃതികളെ ആദ്യകാല സംഘസാഹിത്യം, പിൽക്കാല സംഘസാഹിത്യം എന്നിങ്ങനെ രണ്ടായി തിരിക്കുന്നുണ്ട്. നറ്റിണൈ, കുറുന്തൊകൈ, പതിറ്റുപത്ത് തുടങ്ങിയ ആദ്യകാല സംഘകൃതികൾ ക്രി. പി. 100 മുതൽ 300 വരെയുള്ള കാലത്തും തൊൽകാപ്പിയം ക്രി. പി. അഞ്ചാം ശതകത്തിലും ചിലപ്പതികാരം ഉൾപ്പെടെയുള്ളവ അതിനുശേഷവും രചിക്കപ്പെട്ടവയാണെന്നാണ് അദ്ദേഹത്തിന്റെ നിഗമനം(1956:23). ക്രി. പി അഞ്ചാം നൂറ്റാണ്ടിലാണ് ചേരൻചെങ്കുട്ടുവനും ചിലപ്പതികാരകർത്താവായ ഇളങ്കോവടികളും ജീവിച്ചിരുന്നതെന്ന് രാഘവയ്യങ്കാരെ പോലുള്ളവർ വാദിക്കുമ്പോൾ അത് ക്രി. പി. രണ്ടാം നൂറ്റാണ്ടിലെ കൃതിയാണെന്നാണ് കൃഷ്ണസ്വാമി അയ്യങ്കാരുടെ പക്ഷം(1911:595–96). ഏഴാം നൂറ്റാണ്ടിൽ മതപരമായ കലഹം ആരംഭിക്കുന്നതിന് മുമ്പുണ്ടായതാണ് ചിലപ്പതികാരം എന്ന ഇളംകുളത്തിന്റെ അഭിപ്രായവും (1967:16) ഇതോട് ചേർത്തുവായിക്കാം.

ക്രി. പി എട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിനും ഒമ്പതാം നൂറ്റാണ്ടിനും മധ്യേ ബൗദ്ധ-ജൈനമതങ്ങളുടെ സ്വാധീനശക്തി പൂർണ്ണമായി ക്ഷയിക്കുകയും ശൈവ-വൈഷ്ണവ മതങ്ങൾ ഉയർന്നുവരുകയും ചെയ്തു. ചിലപ്പതികാരം, മണിമേഖല ഉൾപ്പെടെയുള്ള സംഘംകൃതികളുടെ രചനാകാലം എട്ടാംശതകത്തിന് മുമ്പാണെന്ന് വസ്തുതാപരമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഒരു നിഗമനത്തിലെത്താൻ കഴിയും[4]. ക്രി. പി. രണ്ടാം നൂറ്റാണ്ടിൽ ഗജബാഹു ഒന്നാമൻ എന്ന രാജാവ് സിലോണിൽ നാടുവാണിരുന്നുവെന്നും ചേരരാജാവായ ചെങ്കുട്ടുവൻ തന്റെ തലസ്ഥാനനഗരിയായ വഞ്ചിയിൽ കണ്ണകിദേവിയെ പ്രതിഷ്ഠിക്കാൻ വേണ്ടി നടത്തിയ ആഘോഷങ്ങളിൽ ഗജബാഹു പങ്കെടുത്തിയിരുന്നുവെന്നും മഹാനാമൻ പാലിഭാഷയിൽ എഴുതിയ മഹാവംശത്തിൽ പരാമർശമുള്ളതായി സൂചനയുണ്ട്(1953:54). പക്ഷെ ഇതിലെ ചേരൻ ചെങ്കുട്ടുവന്റെ സഹോദരനാണ് ഇളങ്കോവടികൾ എന്നു സ്ഥാപിക്കത്തക്ക തെളിവുകളൊന്നും ലഭ്യമല്ലാത്തതിനാൽ ചിലപ്പതികാരരചന ക്രി.പി രണ്ടാം ശതകത്തിലാണെന്ന് ഉറപ്പിക്കാനാവില്ല. പതിറ്റുപ്പത്ത്,

പുറനാനൂറ് തുടങ്ങിയ പ്രധാന സംഘംകൃതികളെല്ലാം ഈ കാലത്ത് രചിക്കപ്പെട്ടതാവാനാണിട. ചേരൻ ചെങ്കുട്ടുവന്റെ ഭരണകാലത്തെ പ്രകീർത്തിച്ച് ക്രി. പി മൂന്നു മുതൽ അഞ്ചുവരെ നൂറ്റാണ്ടിൽ രചിക്കപ്പെട്ട പാട്ടുകളുടെ പ്രകാശവലയത്തിൽ നിന്നുകൊണ്ട് എട്ടാംശതകത്തോടടുപ്പിച്ചാണ് ചിലപ്പതികാരത്തിന്റെ രചാനാകാലമെന്ന് കരുതാവുന്നതാണ്.

ക്രി. പി. രണ്ട് മൂന്ന് നൂറ്റാണ്ടുകളിലെ സാമൂഹ്യജീവിതത്തിന്റെ പ്രതിഫലനമല്ല ചിലപ്പതികാരത്തിന്റെ ആഖ്യാനപാഠത്തിലുള്ളത്. കറച്ചുകൂടി സാമൂഹ്യജീവിതസാഹചര്യങ്ങൾ മെച്ചപ്പെട്ട കുടുംബവ്യവസ്ഥയുടെ അടിസ്ഥാനമൂല്യങ്ങൾ ഉറപ്പിക്കപ്പെട്ട കാലത്ത് രചിക്കപ്പെട്ട കൃതിയാണ് ചിലപ്പതികാരം. ഗജബാഹുവിനു പുറമെ നാലാം നൂറ്റാണ്ടിലെ ആളുപരെക്കുറിച്ചും ഏഴാം നൂറ്റാണ്ടിലെ പാലരെക്കുറിച്ചും ചിലപ്പതികാരത്തിൽ പരാമർശമുണ്ട്. ഭാരതത്തിന്റെ നടനപാരമ്പര്യങ്ങളെയും പ്രയോഗപാഠങ്ങളെയും ആധികാരികമായി അവതരിപ്പിച്ച ഭരതന്റെ നാട്യശാസ്ത്രം കേരളത്തിൽ പ്രചരിച്ചു തുടങ്ങിയതിനു ശേഷമാണ് ചിലപ്പതികാരം രചിച്ചിട്ടുള്ളത്. എ. ഡി 600 ലും 650 ലും യഥാക്രമം വിരചിതമായ നൻമണിക്കോവൈ, തമിഴ് പഴമൊഴി എന്നിവയിൽ നിന്ന് ചിലപ്പതികാരത്തിൽ ആശയങ്ങൾ സ്വീകരിച്ചിട്ടുമുണ്ട്. ആറ്, ഏഴ് ശതകങ്ങളിൽ രൂപംകൊണ്ടു പ്രചാരം നേടിയ ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനവും ഈ കൃതിയിൽ കാണുന്നതിൽ നിന്ന് ഏഴാം നൂറ്റാണ്ടിന്റെ അന്ത്യത്തിലോ എട്ടാംനൂറ്റാണ്ടിന്റെ പ്രാരംഭത്തിലോ ചിലപ്പതികാരത്തിന്റെ രചനാകാലമായി കാണാം. ചിലപ്പതികാരകർത്താവായ ഇളംകോവടികൾ സന്യാസിയായ ഒരു യുവരാജാവായിരുന്നു. ചേരൻ ചെങ്കുട്ടുവന്റെ സഹോദരനാണെന്ന കൽപ്പന കഥയുടെ വിശ്വാസ്യതയ്ക്ക് വേണ്ടിയും തന്മയീഭാവത്തിനുമായി പിന്നീട് കൂട്ടിച്ചേർത്തതാകാം. ചിലപ്പതികാരരചനയ്ക്കാസ്പദമായ കഥ നൂറ്റാണ്ടുകൾക്കു മുൻപു തന്നെ വാമൊഴിയായി പ്രചരിച്ചിട്ടുള്ളതുമാണ്. വൈയാപികോ പെരും ചേരൻ എന്ന കുറുനിലമന്നൻ ഭാര്യയെ ഉപേക്ഷിക്കുന്നതും ഒരു നർത്തകിയെ വരിക്കുന്നതും പുറനാനൂറിലെ ചില പാട്ടുകളിൽ കാണുന്നുണ്ട്.

## ചിലപ്പതികാരം ദേശഭാവനയും സാമൂഹ്യജീവിതവും

ചോളരാജ്യത്തെ കാവേരിപൂം പട്ടണത്തിൽ നിന്നാരംഭിക്കുന്ന ചിലപ്പതികാരകഥ പാണ്ഡ്യ രാജ്യത്തെ മധുരാപുരിയിലും ഒടുവിൽ വഞ്ചിനാട്ടിലുമായി അരങ്ങേറുന്നു. പുകാർകാണ്ഡം, മധുരൈകാണ്ഡം, വഞ്ചികാണ്ഡം എന്നിങ്ങനെ മൂന്ന് കാണ്ഡങ്ങളാണ് ആഖ്യാന പാഠത്തിൽ വരുന്നത്. ക്ലാസ്സിക്കുകളായിവർത്തിച്ച സാഹിത്യകൃതികളിലെല്ലാം ഒരു കാലഘട്ടത്തിലെ സാംസ്കാരിക ബന്ധങ്ങളെ ഇഴപിരിച്ചെടുക്കുവാൻ കഴിയുന്ന നിരവധി ആഖ്യാന സന്ദർഭങ്ങൾ ഉള്ളടങ്ങിയിട്ടുണ്ടാവും. ദക്ഷിണേന്ത്യയുടെ ചരിത്രരചനയ്ക്ക് അടിസ്ഥാനമായി വർത്തിക്കുന്ന നിരവധി സൂചനകൾ ചിലപ്പതികാരപാഠത്തിലുണ്ട്. ചിലപ്പതികാരം കേവലമായ പ്രദേശാനുഭവങ്ങളിൽ നിന്നും ചരിത്രപരവും, സാമൂഹികവും സാംസ്കാരികവുമായ പാഠങ്ങളിലേക്ക് വികസിക്കുന്നു.

ചോളനാട്ടിലെ (പുകാർ) ഒരു സമ്പന്ന കുടുംബത്തിൽ ജനിച്ച കാവേരീ പട്ടണനിവാസിയായ കണ്ണകി, കോവലനെ വിവാഹം ചെയ്ത് സന്തോഷ

ത്തോടെ ജീവിച്ചുവന്നു. മക്കത്തായ വ്യവസ്ഥിതിയിലുള്ള സാമൂഹ്യജീവിതമാണ് അവർ അനുസരിച്ച് പോന്നിരുന്നത്. ദക്ഷിണേന്ത്യൻ രാജാക്കന്മാർ മക്കത്തായ പാരമ്പര്യം പുലർത്തി പോന്നിരുന്നതായി അറേബ്യൻ ചരിത്രകാരനായ അൽമസൂദി 915-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പുകാർ കൊട്ടാരത്തിലെ പ്രശസ്തയായ മാധവി എന്ന നർത്തകിയെ കോവലൻ പ്രീതിപ്പെടുത്തിയത് അവൾക്ക് ചോളരാജാവ് സമ്മാനിച്ച പച്ചക്കല്ല് മാലയ്ക്ക് 1008 കഴഞ്ച് വില നൽകിയതോടെയാണ്. ദേവദാസിമാർക്ക് സമൂഹത്തിൽ ഉണ്ടായ പ്രാധാന്യത്തെയും അവരുടെ സാമൂഹ്യ ജീവിതത്തെയും കൃതിയിൽ നിന്ന് മനസ്സിലാക്കാം. ഇന്ദ്രോത്സവം പുകാർ നിവാസികളുടെ പ്രധാനപ്പെട്ട ഒരു വിനോദമാണ്. അത്തരമൊരു ആഘോഷവേളയിലാണ് കോവലനും മാധവിയും അകന്നത്. എങ്കിലും അവർക്ക് അതിനിടെ മണിമേഖല എന്ന മകൾ ജനിച്ചിരുന്നു. മംഗല്യസൂത്രം മാത്രം ധരിച്ച് വ്രതാനുഷ്ഠാനങ്ങളോടെ അക്കാലമത്രയും കഴിഞ്ഞ കണ്ണകി നിർധനനായിത്തീർന്ന ഭർത്താവിന് വിലപിടിച്ച ചിലമ്പുകൾ നൽകി. അത് കച്ചവടം ചെയ്തു നഷ്ടപ്രതാപം വീണ്ടെടുക്കാൻ കണ്ണകിയുമൊത്ത് കോവലൻ മധുരയ്ക്ക് യാത്രയാകുന്നു. യാത്രക്കിടയിൽ കവുന്തിഅടികൾ എന്ന ജൈനസന്യാസിനിയെ പരിചയപ്പെടുന്നതായുള്ള സൂചനകൾ കൃതിയിലുണ്ട്. ജൈന-ബൌദ്ധ ധർമ്മങ്ങളെക്കുറിച്ച് നിരവധി പരാമർശങ്ങൾ കൃതിയുടെ ഭാഗത്ത് കടന്നുവരുന്നുണ്ട്. ക്രി. പി 600-ൽ മധുരയിലെ കാഞ്ചിപുരത്ത് നൂറോളം ബുദ്ധക്ഷേത്രങ്ങളും എൺപതോളം ഹൈന്ദവക്ഷേത്രങ്ങളും ഉണ്ടായിരുന്നതായി ചരിത്രസഞ്ചാരിയായ ഹുയാൻസാങ് രേഖപ്പെടുത്തിയിട്ടുണ്ട്. കോവലനും കണ്ണകിയും ദുർഗാ മന്ത്രങ്ങൾ ചൊല്ലി വനദേവതമാരുടെ പ്രീതി നേടിയതായും കഥയിൽ പരാമർശമുണ്ട്. മതമൈത്രി നിലനിന്നിരുന്നുവെന്ന് ചുരുക്കം.

കണ്ണകിയെ ശുശ്രൂഷിക്കാൻ ഇടയവർഗ്ഗക്കാരെ ഏൽപ്പിച്ച് കോവലൻ ചിലമ്പ് വിൽക്കാൻ തട്ടാന്റെ അടുത്ത് എത്തുന്നതും ചതിയിലൂടെ കോവലനെ അയാൾ കുടുക്കുന്നതും പിന്നീട് വിവരിക്കുന്നു. പാണ്ഡ്യരാജാവ് രാജ്ഞിയുടെ ചിലമ്പാണതെന്ന് തെറ്റിദ്ധരിച്ച് മോഷ്ടാവെന്നു കരുതി കോവലനെ വധിക്കാൻ ഉത്തരവിടുന്നത്. തട്ടാന്മാർക്കുള്ള ജനസമ്മതി എത്രത്തോളം വലുതായിരുന്നുവെന്ന് സൂചന നൽകുന്നതാണിത്. നിഷ്കളങ്കനായ ഭർത്താവിനെ വധിച്ചതിൽ കോപം മുഴുത്ത കണ്ണകി മധുരാനഗരി അഗ്നിക്കിരയാക്കുന്നു. പാതിവ്രത്യധർമ്മം അടിസ്ഥാനമാക്കി ജീവിക്കുന്ന ഒരു സമൂഹത്തിലെ സ്ത്രീ മാതൃകയായി കണ്ണകിയെ കൃതി വരച്ചുകാട്ടുന്നുണ്ട്. കണ്ണകി ഇടതുമുല പറിച്ചെറിഞ്ഞതായി പറയുന്ന ആശയം കവിക്ക് നറ്റിണയിലെ 216-ആം പാട്ടിൽ നിന്ന് ലഭിച്ചതാണ്. നറ്റിണയിലെ നായികയായ തിരുമാവുണ്ണി എന്നത് ചിലപ്പതികാരത്തിൽ കണ്ണകിയുടെ പുതിയ പേരായി രൂപം കൊള്ളുന്നു. മണിപ്രവാളസാഹിത്യത്തിലെ എറ്റവും കരുത്തുറ്റ മാതൃകകളായ അച്ചിചരിത്രങ്ങൾ ഉണ്ണിയാടി, ഉണ്ണിയച്ചി, ഉണ്ണിച്ചിരു തേവി എന്ന പേരുകളിലാണല്ലോ എഴുതപ്പെട്ടിട്ടുള്ളത്.

മധുരയിലെ അധിഷ്ഠാന ദേവത കണ്ണകിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് കോവലന്റെ പൂർവ്വജന്മവൃത്താന്തം പറയുന്നുണ്ട്. കലിംഗനാട്ടിലെ സിംഹപുരത്തെ രാജാവും കപിലപുരത്തെ രാജാവും തമ്മിലുള്ള ശത്രുതയുടെ

ഫലമായി സിംഹപുരത്തെ തെരുവിലുണ്ടായ കലഹവും കൊലപാതകവുമാണ് അതിനു പിന്നിൽ. അന്ന് ശത്രുരാജാവിനെ തെറ്റിദ്ധരിപ്പിച്ച് സംഗമൻ എന്നയാളെ കൊല്ലിച്ച ഭരതന്റെ പുനർജന്മമാണ് കോവലൻ. സംഗമന്റെ ഭാര്യ പതിനാലു ദിവസം കഴിഞ്ഞ് ഭർതൃസവിധത്തിൽ എത്തിയതുപോലെ കണ്ണകിയും പതിനാലാം ദിവസം കോവലന്റെ അടുത്തെത്തുമെന്നാണ് മധുരപുരേശ്വരി പ്രസ്താവിച്ചത്. തുടർന്ന് കണ്ണകി മധുരാപുരിയിൽ നിന്ന് പുറപ്പെട്ട് വൈഗനദിയുടെ കരയിലൂടെ പടിഞ്ഞാറോട്ട് യാത്ര ചെയ്തു മലനാട്ടിലെ തിരിച്ചങ്കോട്ടു മലയിൽ കയറിച്ചെന്ന് വേങ്ങ മരത്തിനരികിൽ നിൽക്കുകയും പതിനാലാം നാൾ സന്ധ്യക്ക് ശേഷം കോവലൻ ദേവരൂപത്തോടെ വേങ്ങമരത്തിനരികിൽ ചെന്ന് കണ്ണകിയെ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടു പോവുകയുമാണ്. വഞ്ചി കാണ്ഡത്തിന്റെ ആദ്യഭാഗത്ത്, കണ്ണകി വിമാനത്തിൽ കയറി സ്വർഗാരോഹണം ചെയ്യുന്നത് കണ്ട ഒരു കൂട്ടം കുറവരും കുറത്തികളും അക്കാര്യം ചേരപ്പെരുമാളായ ചെങ്കുട്ടുവനെ സവിസ്തരം ധരിപ്പിക്കുന്നുണ്ട്. അദ്ദേഹമാകട്ടെ വിശ്വവിജയം നടത്തി ഹിമവാനിൽ നിന്നെടുത്ത കൃഷ്ണശില കനകൻ, വിജയൻ എന്നീ ആര്യ രാജാക്കന്മാരെക്കൊണ്ട് ചുമപ്പിച്ച് സ്വരാജ്യത്തു കൊണ്ടുവന്നു കണ്ണകിയെ ശാസ്ത്രവിധി പ്രകാരം പ്രതിഷ്ഠിച്ച് മഹോത്സവം നടത്തുകയും അതിന് പരദേശരാജാക്കന്മാർ സംബന്ധിക്കുകയും ചെയ്തു. വന്നവരിൽ പലരും കണ്ണകീദേവിയെ സ്വരാജ്യങ്ങളിൽ പ്രതിഷ്ഠിക്കാൻ ദേവിയോട് അനുമതി വാങ്ങിയതായും പ്രസ്താവമുണ്ട്.

ചേരപ്പെരുമാളായ ചെങ്കുട്ടുവന്റെ തലസ്ഥാനമായിരുന്ന വഞ്ചി മഹാനഗരം ഇപ്പോഴത്തെ തിരുവഞ്ചിക്കുളമോ അതിനു തൊട്ടുള്ള പ്രദേശമോ ആയിരുന്നു എന്നൂഹിക്കാം. 'മലനാട്' എന്ന പരാമർശം മലയാളനാടിനെ തന്നെ കുറിക്കുന്നതാണ്. മാത്രമല്ല കുറവർ മലനാട്ടിലെ പുരാതന വർഗ്ഗത്തിൽപ്പെട്ടവരാണ് എന്നും ഒരുകാലത്ത് അവർ കേരളത്തിന്റെ ചില ഭാഗങ്ങളെ ഭരിച്ചിട്ടുണ്ടെന്നും കാൽഡ്വലിനെ പോലുള്ള പണ്ഡിതർ പ്രസ്താവിച്ചിട്ടുണ്ട്. ശ്രേഷ്ഠമായ ശില ഹിമവാനിൽ നിന്ന് കൊണ്ടുവരാനായി പുറപ്പെട്ട ചെങ്കുട്ടുവന് ശേഷശായിയായ ശ്രീപത്മനാഭന്റെ പ്രസാദം പുരോഹിതന്മാരിലൊരുവൻ കൊണ്ടെകൊടുത്തതായും ചിലപ്പതികാരത്തിൽ കാണാം. അനന്തപത്മനാഭസ്വാമിയിൽ ചെങ്കുട്ടവനുണ്ടായിരുന്ന വിശേഷഭക്തി ഇവിടെ സൂചിതമാവുകയും ചെയ്യുന്നു.

ചേരനാട്ടിന്റെ തലസ്ഥാനനഗരമായ വഞ്ചിനാട്ടിലാണ് കണ്ണകിയുടെ സ്വർഗ്ഗാരോഹണം നടന്നതെന്ന സൂചന കേരളചരിത്ര പഠിതാക്കളെ സംബന്ധിച്ച് പ്രധാനമാണ്. കൊടുങ്ങല്ലൂരിലെ ശ്രീകുരുംബേശ്വരി ക്ഷേത്രം ഇതിന്റെ സ്മാരകമായി നിലകൊള്ളുന്നു. മാധവിയിൽ കോവലനുണ്ടായ മണിമേഖല എന്ന തപസ്വിനി വഞ്ചി നഗരത്തിൽ പ്രവേശിച്ച് അനേകം മതസിദ്ധാന്തങ്ങൾ ഗ്രഹിച്ചതായി മണിമേഖല കാവ്യത്തിലും പരാമർശമുണ്ട്. ചിലപ്പതികാരകാരൻ പരമലക്ഷ്യമായി ഉയർത്തിക്കാട്ടുന്ന സന്മാർഗോപദേശം സാധിക്കുന്നത് വഞ്ചികാണ്ഡത്തിൽ ആണെന്നതും ശ്രദ്ധേയമാണ്. വഞ്ചികാണ്ഡം പ്രക്ഷിപ്തമാണെന്ന ചില നിരൂപകരുടെ അഭിപ്രായത്തെ തന്നെ ഈ സന്ദർഭം ഖണ്ഡിക്കുന്നു.

പ്രാചീന തമിഴകത്തിന്റെ ഭാഗമായ വഞ്ചിനാടും പാണ്ഡ്യനാടും ചോളനാടും സാംസ്കാരികമായ നിരവധി സമാനതകൾ പങ്കുവയ്ക്കുന്നുണ്ട്. വിവിധ മതവിശ്വാസങ്ങൾ സംഘർഷമില്ലാതെ ഇടകലർന്നു കഴിഞ്ഞുപോന്നു എന്നതിന്റെ തെളിവാണ് ജൈനമതക്കാരനെന്ന് കരുതപ്പെടുന്ന കവി അങ്ങനെ യല്ലാത്ത രാജാവിനെക്കൊണ്ട് കണ്ണകിയെ ജൈനരുടെ പത്തിനി (പത്മാവതി ദേവി) എന്നു സങ്കൽപ്പിച്ച് ക്ഷേത്രപ്രതിഷ്ഠ നടത്തിക്കുന്നത്.

**സാമൂഹികസ്ഥാപനങ്ങൾ, അധികാരശ്രേണികൾ**

കേരളത്തിന്റെ ഭൂപ്രകൃതി, സാമൂഹികബന്ധങ്ങൾ, സാംസ്കാരികസവി ശേഷതകൾ, ആചാരങ്ങൾ, മതവിശ്വാസങ്ങൾ എന്നിവയെക്കുറിച്ചുള്ള നിരവധി സൂചനകൾ ചിലപ്പതികാരകാവ്യത്തിലുണ്ട്. വഞ്ചികാണ്ഡത്തിൽ മുഖ്യമായും കേരളതീരം പരാമർശിക്കപ്പെടുന്നു. 'സ്ഥലം സാംസ്കാരികപ്രയോഗങ്ങളുടെ ഒരു പ്രദേശമാണ്' (Henri Lefebvre, 2004:182). വഞ്ചികാണ്ഡത്തിൽ പരാമർശിക്ക പ്പെടുന്ന സ്ഥലം കേരളീയമായ നിരവധി സാംസ്കാരിക പ്രയോഗങ്ങളുടെ കൂടിച്ചേരലുകളാൽ രൂപപ്പെട്ട സ്ഥലരാശിയാണ്. ഇന്ദ്രിയഗോചരമായ സ്ഥലം, ഭാവനാത്മകമായ സ്ഥലം എന്നിങ്ങനെ രണ്ടു സ്ഥലസങ്കല്പങ്ങൾ കൂടി ഹെന്റി ലേവ്ഫെറെ (2004) അവതരിപ്പിക്കുന്നുണ്ട്. ഇന്ദ്രിയഗോചരമായ സ്ഥലം ഭൂമിശാസ്ത്രപരമായ അതിർവരമ്പുകൾക്കുള്ളിൽ വികസിക്കുന്നതും ആഖ്യാനം ചെയ്യപ്പെടുന്നവയുമാണ്. ഭാവനാത്മകസ്ഥലം വലിയൊരളവോളം മാനസികസൃഷ്ടിയാണ്. ചിഹ്നങ്ങളും ആദർശാത്മക ഇടങ്ങളും പ്രകൃതിയും ഭൗതിക നിർമ്മിതികളുമൊക്കെ ഉൾച്ചേർന്ന് നിർമ്മിക്കപ്പെട്ടവ. ക്ലാസ്സിക്ക് കൃതി കളുടെ ആഖ്യാനപാഠങ്ങൾ ഇന്ദ്രിയഗോചരമായ സ്ഥലത്തിന്റെയും ഭാവ നാത്മകമായ സ്ഥലത്തിന്റെയും സ്ഥലമാനങ്ങളിലൂടെ വികസിക്കുന്നതാണ് ചിലപ്പതികാരത്തിൽ സ്ഥലഭാവനയും അതിൽനിന്നു വ്യത്യസ്തമല്ല. കേരളീ യരുടെ സാമൂഹ്യജീവിതത്തിന്റെ നേരടയാളങ്ങളായി ചിലപ്പതികാരത്തിന്റെ ആഖ്യാനപാഠങ്ങൾ മാറുന്നുണ്ട്.

ചിലപ്പതികാരത്തിൽ പ്രതിഫലിക്കുന്ന കേരളീയസമൂഹത്തെ പറ്റി വിശദമായി പര്യാലോചിക്കേണ്ടതുണ്ട്. ധർമ്മാർത്ഥത്തിൽ നിന്ന് വ്യതി ചലിക്കുന്ന ഭരണാധികാരികളെ നീതിദേവത നശിപ്പിക്കുമെന്നും പതിവ്രത കളായ സ്ത്രീകളെ പൊതുസമൂഹം എക്കാലത്തും ആദരിക്കുമെന്നും കർമ്മഫലമനുസരിച്ചുള്ള ശിക്ഷ നൽകുന്നതിനാൽ വിധി നിർദാക്ഷിണ്യം പ്രവർത്തിക്കുമെന്നുമുള്ള ലക്ഷ്യങ്ങൾ ചിലപ്പതികാരകർത്താവ് മുന്നിൽ കാണുന്നു. സ്വാഭാവികമായും രാജഭരണം, പ്രജകളുടെ മനോഭാവം, സ്ത്രീ കളുടെയും കുട്ടികളുടെയും സാമൂഹികസാഹചര്യങ്ങൾ, ശിക്ഷാവിധികൾ തുടങ്ങിയവയെ ഈ മുത്തമിഴുകാവ്യം സ്പർശിക്കുന്നുണ്ട്.

ജൈനബുദ്ധ മതങ്ങൾക്ക് തമിഴകത്തുണ്ടായിരുന്ന സ്വാധീനശക്തിയെ ക്കുറിച്ചുള്ള നിരവധി സൂചനകൾ ചിലപ്പതികാരകാവ്യത്തിലുണ്ട്. ജൈന പുരോഹിതയായ കവുന്തിഅടികൾ കണ്ണകിക്കും കോവലനും നൽകുന്ന ഉപദേശങ്ങളിൽ സമൂഹത്തിൽ പ്രസ്തുത മതതത്വങ്ങൾക്കുള്ള പ്രാധാന്യ

മാണ് വ്യക്തമാകുന്നത്. കോവലനും ദേവദാസിയായ മാധവിക്കും ജനിച്ച പുത്രി മണിമേഖല അമ്മയുടെ വഴി പിന്തുടരാതെ ബുദ്ധപുരോഹിതയായി മാറുന്നു എന്നതും പ്രത്യേകം ശ്രദ്ധേയമാണ്.

**കേരളീയകലകളുടെ ചരിത്രജീവിതം**

സംസ്കാരപഠനത്തിന്റെ സങ്കല്പനങ്ങളും രീതിശാസ്ത്രപദ്ധതികളും അടിസ്ഥാനപ്പെടുത്തി കേരളീയകലാചരിത്രത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ കേരളീയകലാചരിത്രത്തിലെ കൊടുക്കൽവങ്ങലുകളെയും പാരസ്പര്യങ്ങളെയും എടുത്തുകാണിക്കുന്നുണ്ട്. ചിലപ്പതികാരകാവ്യത്തിന്റെ പാഠശരീരത്തിൽ കേരളീയകലാരൂപങ്ങളെക്കുറിച്ചുള്ള നിരവധിയായ സൂചനകളുണ്ട്. ഇയൽ, ഇശൈ, നാടകം എന്നിവ ചേർന്ന മുത്തമിഴുകാവ്യമായി ചിലപ്പതികാരം അറിയപ്പെടുന്നു. സാഹിത്യം, സംഗീതം, നാടകം എന്നിവയ്ക്ക് ചിലപ്പതികാര രചനാകാലത്തുണ്ടായ വികസിതാവസ്ഥ മനസ്സിലാക്കാൻ ഇത് വഴിയൊരുക്കുന്നുണ്ട് . സംഗീതം, നൃത്തം എന്നിവയ്ക്ക് സംഘകാലത്ത് ദക്ഷിണേന്ത്യയിൽ ഉണ്ടായ വികാസം ശ്രദ്ധേയമാണ്. കൊടുകൊട്ടിയാടൽ, പാണ്ടുരാൾക്കൂത്ത്, പാവൈക്കൂത്ത്, കുടൈയക്കൂത്ത്, ശാന്തിക്കൂത്ത്, വിനോദക്കൂത്ത്, പേട്കൂത്ത്, മരക്കാൽ കൂത്ത് തുടങ്ങിയവയാണ് അവ. നൃത്തത്തിന് പകരമായാണ് ഇവിടെയെല്ലാം കൂത്തെന്ന പദത്തിന്റെ പ്രയോഗം.

ചിലപ്പതികാരത്തിലെ മുപ്പത് ഖണ്ഡങ്ങളിൽ ചിലതിൽ നൃത്തം മുഖ്യമായി തന്നെയുണ്ട്. വിശേഷിച്ചും മാധവിയുടെ നൃത്ത പ്രാവീണ്യത്തെ വിവരിക്കുന്ന രംഗങ്ങൾ നോക്കുക. താണ്ഡവം, നൃത്തം, നാട്യം എന്നീ മൂന്ന് വിഭാഗങ്ങളെയും നാട്യശാസ്ത്ര വിധിപ്രകാരം ക്രമഭംഗം വരുത്താതെയാണ് മാധവി അവതരിപ്പിച്ചത്. ഒരു പൂങ്കൊടി കൂത്താടിയാലെന്നപോലെ അവൾ പല അഭിനയങ്ങളും കാഴ്ചവച്ചതായി പറയുന്നു. ഓരോതരം നൃത്തത്തിനും അതിനനുസൃതമായ ഗീതവും ഉണ്ട്.

വഞ്ചികാണ്ഡത്തിൽ കുറവരുടെ (കുറിഞ്ചിത്തിണയിൽ പെട്ടവർ) കുരവക്കൂത്ത് വിവരിക്കുന്നത് കേരളീയ കലയുടെ പഴമയിലേക്ക് വിരൽ ചൂണ്ടുന്നതാണ്. തിരുച്ചെങ്കുന്നിൽ വന്നുചേർന്ന കണ്ണകി വേങ്ങമരത്തണലിൽ നിൽക്കുമ്പോൾ കോവലൻ വിമാനത്തിൽ ഇറങ്ങി വന്ന് അവളോടൊപ്പം മടങ്ങിപ്പോയ കാഴ്ച കണ്ട മലങ്കുറവർ അത്ഭുതാധീനരാകുന്നു. കണ്ണകിയെ തങ്ങളുടെ കുലദേവതയായി കരുതി ആടിയും പാടിയും കുരവക്കൂത്ത് നടത്തിയും ആഘോഷപൂർവ്വം ആ സന്ദർഭം കൊണ്ടാടുകയാണ്. നൃത്തത്തിന്റെ ഭാഗമായി അവർ അരുവിയിലെ വെള്ളത്തിൽ നീന്തിത്തുടിക്കുന്നതായും കാണുന്നു. രാജാവ് ഉത്തരദിഗ്വിജയം കഴിഞ്ഞ് മടങ്ങി വന്നപ്പോൾ വടക്കൻ പറവൂര് കാരനായ ഒരു ചാക്കിയാർ (കൂത്തച്ചാക്കൈയൻ) ത്രിപുരദഹനം കഥയാടി അദ്ദേഹത്തെ രസിപ്പിച്ചുവെന്ന് ചിലപ്പതികാരത്തിൽ വർണ്ണിച്ചിട്ടുണ്ട്[5].

നട്ടുവന്മാരുടെ വൈദഗ്ദ്ധ്യത്തെ വിവിധ സന്ദർഭങ്ങളിൽ ചിലപ്പതികാരത്തിൽ എടുത്തു പറയുന്നുണ്ട്. കടയം, മരയ്ക്കൽ, കുടൈ, തുടി, മാൽ, അല്ലിയം, കുമ്പം, പേട്, പാവൈ, പാണ്ഡരംഗം, കൊടുകൊട്ടി എന്നീ

പതിനൊന്നു നൃത്ത രീതികളുടെ സ്വഭാവം ചിലപ്പതികാര പഠിതാവായ അടിയാർക്ക് നല്ലാർ വിശദീകരിക്കുന്നുണ്ട്.

ക്ലാസിക്കൽ സംഗീതവും നൃത്തവും മാത്രമല്ല നാടൻ പാട്ടുകളും നാടോടി നൃത്തവും അന്ന് പ്രചാരത്തിൽ ഇരുന്നിരുന്നു. അകക്കൂത്ത് മാത്രമല്ല പുറക്കൂത്തും അറിയുന്നവനാണ് മാധവിയുടെ നാട്യാചാര്യൻ. വീണ, പുല്ലാംകുഴൽ, മിടറ്, മൃദംഗം എന്നിവ കൃത്യമായി പ്രയോഗിക്കുന്നുണ്ടദ്ദേഹം. ഗാനങ്ങൾ എഴുതാൻ ഒരു കവി തന്നെ മാധവിയുടെ സംഘത്തിലുണ്ട്. ഭരതമുനി നിർദ്ദേശിച്ച പ്രകാരമാണ് മാധവിയുടെ അരങ്ങുതീർക്കുന്നത്. നൃത്തം ഒരുതരം യജ്ഞം തന്നെ. ശാസ്ത്രീയ സംഗീതത്തോടൊപ്പം ഇന്ന് പ്രചാരത്തിൽ ഇല്ലാത്ത പല നാടൻ കലാരൂപങ്ങളും ചിലപ്പതികാരത്തിൽ സജീവ സാന്നിധ്യമറിയിക്കുന്നു.

*നാടകമാടും കുലം പെറ്റ പെണ്ണാൾ*
*വിടർന്നെഴും തോളുകളുള്ളവർ*
*കൂരിരുൾക്കുന്തള ഭാരം വകഞ്ഞിട്ടു*
*പൂ ചൂടി നിൽക്കുമ്പോൾ*
*ആട്ടത്തിലില്ലാ അഴകിലില്ലാ നല്ല*
*പാട്ടിലുമില്ലാ കുറവവൾക്കൽപ്പവും.* (1992:56)

എന്ന് നർത്തകീലക്ഷണം ചിലപ്പതികാരത്തിൽ വിശദീകരിക്കുന്നുണ്ട്.

**അണിയലും ചമയലും: ചിലപ്പതികാര കാവ്യാനുഭവങ്ങൾ**

ക്ലാസിക്ക് കൃതികളിൽ ഒരു ജനസമൂഹത്തിന്റെ സാമൂഹ്യജീവിതത്തിൽ ഉൾച്ചേർന്നിരിക്കുന്ന സാംസ്കാരിക മുദ്രകളെക്കുറിച്ചും, സാംസ്കാരിക വിനിമയബന്ധങ്ങളെക്കുറിച്ചുമെല്ലാം നിരവധി സൂചനങ്ങൾ ഉള്ളടങ്ങിയിട്ടുണ്ടാവും. ക്ലാസിക്ക് കൃതികൾ സംസ്കാരപഠനത്തിലെ സവിശേഷമായ പഠനമേഖലയായി കടന്നുവരുന്നത് തന്നെ സാമൂഹ്യജീവിതത്തിന്റെ ആവിഷ്കാരരൂപമായി അവ മാറിത്തീരുന്നതുകൊണ്ടുകൂടിയാണ്. ചിലപ്പതികാരകാവ്യത്തിൽ അക്കാലത്ത് ഉപയോഗിച്ചിരുന്ന വസ്ത്രങ്ങളെക്കുറിച്ചും, ആഭരണങ്ങളെക്കുറിച്ചുമെല്ലാം നിരവധി പരാമർശങ്ങൾ കടന്നുവരുന്നുണ്ട്.

പാണ്ഡ്യരും റോമാക്കാരും തമ്മിൽ വസ്ത്രവ്യാപാരം നടത്തിയിരുന്ന കാലത്താണ് തമിഴകത്ത് വസ്ത്ര-നെയ്ത്തു വ്യപാരം അഭിവൃദ്ധി പ്രാപിക്കുന്നത്. ചിലപ്പതികാരകാവ്യം വസ്ത്രങ്ങളെ വിശേഷിപ്പിക്കുന്ന പദസഞ്ചയങ്ങൾകൊണ്ട് സമ്പന്നമാണ്. ഉടായി, ഉടുകൈ, ആടൈ, ഇഴൈ എന്നീ പദങ്ങൾ കാവ്യത്തിൽ ആവർത്തിച്ചു കടന്നുവരുന്നു. ആ കാലത്തുപയോഗിച്ചിരുന്ന 36 തരം വസ്ത്രങ്ങളെപ്പറ്റി അടിയാർക്കു നല്ലാർ പരാമർശിക്കുന്നുണ്ട്.

ഇടുപ്പിന് ചുറ്റും മാധവി ധരിച്ചിരുന്ന നീലപ്പട്ടാണ് സാധർ. കലിംഗമാണ് മറ്റൊരു വസ്ത്രം. സ്ത്രീകൾക്കുള്ള എല്ലാ വസ്ത്രങ്ങളിലും പൂക്കളോ മറ്റു ചിത്രങ്ങളോ തുന്നിപ്പിടിപ്പിച്ചതായും കാണാം. പുരുഷന്മാർ ധരിക്കുന്ന ചില വസ്ത്രങ്ങൾ ശരീരത്തിന്റെ മുകൾഭാഗം മറക്കാനുള്ള മെയ് പൈയും

നീളമുള്ള കഞ്ചുകവുമാണ്. മധുരയിലെ നെയ്ത്തുകാർ സിൽക്ക്, മൃഗങ്ങളുടെ രോമങ്ങൾ എന്നിവയിൽ വസ്ത്രങ്ങൾ നെയ്തതായി കാണാം. പട്ടുസാലിയാർ എന്ന് അവരെ വിളിക്കുന്നു. വെറ്റില പോലുള്ള സുഗന്ധ വസ്തുക്കൾ വസ്ത്രങ്ങൾക്കിടയിൽ അവർ വച്ചതായി കാണുന്നു. ആഘോഷങ്ങളിലും മറ്റു വിശേഷാവസരങ്ങളിലും വെൺപട്ട് ഉപയോഗിച്ചു .

ചിലപ്പതികാരകാവ്യത്തിൽ പലസന്ദർഭങ്ങളിലും കടന്നുവരുന്ന ചിലമ്പു കളെകുറിച്ചും ചരിത്രഗവേഷകർ പഠനം നടത്തിയിട്ടുണ്ട് . വിലപിടിപ്പുള്ള രത്നങ്ങളും വജ്രങ്ങളും സ്വർണങ്ങളും പണിത്തരങ്ങളായി കാണപ്പെട്ടു. വെള്ള, ചുവപ്പ്, കറുപ്പ്, പച്ച നിറങ്ങളിലുള്ള മുത്തുകളും അവയുടെ രൂപസൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു.

കണ്ണകിയും മാധവിയും അണിഞ്ഞിരുന്ന ആഭരണങ്ങളുടെ സമഗ്രമായ വിവരണം തന്നെ ചിലപ്പതികാരത്തിലുണ്ട്. കാലിലണിയുന്ന കാഴലും നെഞ്ചിലെ ആരാമവുമാണ് പുരുഷന്മാരുടെ മുഖ്യ ആഭരണങ്ങൾ. കോവലനെ ആകർഷിക്കാൻ മാധവി വസ്ത്രം ധരിക്കുന്ന ഒരു രംഗത്തിൽ പത്തു തരം തുവര്, അഞ്ചുതരം വിരൈ, 32 തരം ഊമല്ലിഗൈ എന്നിങ്ങനെ ധൂപസുഗന്ധങ്ങളെ കുറിച്ച് പറയുന്നുണ്ട്. അവയിൽ കുതിർന്ന ഔഷധജലത്തിലാണ് മാധവിയുടെ കുളി. മുടിയിൽ പാലും നെയ്യും പുരട്ടുന്നുണ്ടവൾ. ഓരോ കൂത്തിനും അനുയോജ്യമായി അവൾ നൃത്തം വച്ചു. തലമുതൽ കാലു വരെ അലങ്കൃതയാണ് മാധവി. കാൽവിരലിൽ കാളനിയും പീലിയും ധരിച്ചു തുടയിൽ കുറുഞ്ചേരിയും അരയിൽ വിരിശിഗൈയും തോളിൽ ഗന്ധാചാരവും കഴുത്തിൽ സർവദിയും ഉണ്ട് അവൾക്ക്. കഴുത്തിലെ എല്ലാ ചങ്ങലകളും ഒരു കൊളുത്തുകൊണ്ട് പിന്നിൽ കെട്ടിയിട്ടു. വിരലുകളിൽ മോതിരങ്ങളും കൈകളിൽ വളകളും കാതിൽ കുടുംബായി എന്ന വജ്രക്കമ്മലുമുണ്ട്. കണ്ണകിക്കാകട്ടെ മംഗല്യസൂത്രമാണ് മുഖ്യം. അന്നത്തെ സാമൂഹിക ജീവിതത്തിലേക്ക് വെളിച്ചം വീശുന്നതാണ് ഇവയെല്ലാം. ചെങ്കുട്ടവൻ പിന്നീട് കണ്ണകിയ്ക്കായി പണികഴിപ്പിക്കുന്ന ക്ഷേത്രത്തിൽ പോലും ആഭരണങ്ങൾക്ക് അതീവ പ്രാധാന്യം കൽപ്പിച്ചതായി കാണാം.

### ഭരണനിർവ്വഹണം അധികാരസ്ഥാപനങ്ങൾ

തമിഴകത്തെ രാജഭരണാധികാരികളെക്കുറിച്ചും അവരുടെ ഭരണകാലത്തെക്കുറിച്ചും നിരവധി സൂചനകൾ ചിലപ്പതികാരകാവ്യത്തിലുണ്ട്. സംഘടിതമായ ഭരണം ആദ്യം രൂപപ്പെട്ടത് മുല്ല പ്രദേശത്താണെന്നാണ് ചരിത്രകാരന്മാരുടെ നിഗമനം. രാജാവിനെ കോൻ എന്ന് വിളിക്കുന്നത് ഇതിന് തെളിവായി ചരിത്രകാരന്മാർ ഉയർത്തികാട്ടുന്നു. കോൻ എന്നതിന് ഇടയൻ എന്നുകൂടി അർത്ഥമുണ്ട്. ഇടയന്റെയും രാജാവിന്റെയും കർത്തവ്യങ്ങൾക്ക് ഐകരൂപ്യമുണ്ടായിരുന്നു എന്ന് സാരം. രാജഗൃഹത്തെ കോയിൽ നിന്നും രാജ്ഞിയുടെ അന്തപുരത്തെ കോപ്പെരുന്തേമികോയിൽ എന്നുമാണ് ചിലപ്പതികാരത്തിൽ വിശേഷിപ്പിക്കുന്നത്. കടുവ, വില്ല്, കരിമീൻ എന്നിങ്ങനെ യഥാക്രമം ചോള, ചേര, പാണ്ഡ്യന്മാരുടെ രാജകീയ ചിഹ്നങ്ങൾ രാജാക്ക

ന്മാരുടെ നായാട്ടുവൃത്തിയെ സൂചിപ്പിക്കുന്നതാണ്. പെരുമ്പറ, കുട, ചാമരം, കൊടി, തോട്ടി, കുന്തം, കുരുക്ക് എന്നീ രാജകീയ വസ്തുക്കളുടെ വിസ്തരിച്ചുള്ള പട്ടികയും ചിലപ്പതികാരത്തിലുണ്ട്. ഓരോ രാജാവും ഓരോ മരം തന്റെ വിജയവൃക്ഷമായി വളർത്തിയിരുന്നതായി സംഘം കൃതികളിൽ പരാമർശമുണ്ട്. വെൺകടമ്പും വേങ്ങമരവും കാവൽമരമായി അവർ കണ്ടിരുന്നു. സംഘസാഹിത്യത്തിലെ കൊടിയടയാളത്തിന്റെ പ്രാധാന്യത്തെ പറ്റി ഡോ. വിനി നടത്തിയിട്ടുള്ള പഠനം ഏറെ വസ്തുതകൾ മറനീക്കി പുറത്തുകൊണ്ടുവരുന്നുണ്ട് (2014:134). രാജാവിന്റെ മാനം കൊടിയുമായി ബന്ധപ്പെടുത്തുന്ന അനേകം സന്ദർഭങ്ങൾ പഠനത്തിൽ എടുത്തു കാട്ടുന്നു. പുകാർ കാണ്ഡത്തിൽ കണ്ണകി -കോവലൻ വിവാഹാവസര വർണ്ണനാവേളയിൽ ഹിമാലയത്തിൽ പുലിക്കൊടി ഉയർന്നു വിളങ്ങുമാറാകട്ടെ ചെമ്പിയൻ തന്റെ ചെങ്കോൽ ചെലുത്തു മാറാകട്ടെ എന്ന് വാഴ്ത്തിയാണ് കണ്ണകിയെ മഞ്ചത്തിലിരുത്തുന്നത്. ഇന്ദ്രോത്സവത്തിൽ ഉത്സവാരംഭാവസാനങ്ങളിൽ ഐരാവതക്കൊടി വർണ്ണിക്കുന്നുണ്ട്.

*കലന്തരു തിരുവിർ പുലം പെയർമാക്കൾ*
*വേലൈവാലുകത്തു വിരിതരൈപ്പരപ്പിൽ*
*കുലമറുകിർകൊടിയെടുത്തു നുവലു*
*മാലൈച്ചേരി മരുങ്കുചെന്റെയ്തി*

എന്നു വർണ്ണിക്കുമ്പോൾ കൊടികൾ ചില അറിയിപ്പുകളായി മാറുകയാണ്. മനുഷ്യന്റെ ആത്മീയവും ലൗകികവുമായ താൽപര്യങ്ങളെയാണ് കൊടികൾ വിളംബരം ചെയ്യുന്നതെന്ന് നച്ചിനാർക്കിനിയർക്ക് അഭിപ്രായമുണ്ട്[6].

ചിലപ്പതികാരത്തിന്റെ കാലമായപ്പോഴേക്ക് ഭരണസംവിധാനം കൂടുതൽ സങ്കീർണ്ണമായിത്തീർന്നിരുന്നു. ധനികവർഗ്ഗത്തിൽപ്പെട്ട ഉപദേഷ്ടാക്കളുടെയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥരുടെയും പ്രാധാന്യം വർദ്ധിച്ചതിനാൽ അവരുമായുള്ള കൂടിയാലോചനകൾ നടത്തിയാണ് രാജാവ് ഭരണകാര്യങ്ങൾ തീരുമാനിച്ചത്. ഐപെരുകുഴു, എൺപേരായം എന്നീ കൂടിയാലോചനാസഭകളെപ്പറ്റി ചിലപ്പതികാരത്തിൽ പ്രതിപാദിക്കുന്നുണ്ട് .പ്രധാനമന്ത്രി, പുരോഹിതൻ, സേനാപതി, ചാരപ്രധാനി മുതലെടുപ്പ് ഉദ്യോഗസ്ഥൻ എന്നിവർ ഐപെരുകുഴുവിലെ അംഗങ്ങളാണ്. നിർവാഹകത്തലവൻ, ഖജാന സൂക്ഷിപ്പുകാർ, കണക്കപ്പിള്ളമാര്, കാവൽ സൈന്യത്തലവന്മാർ, സേനാനായകർ, ആനപ്പട, കുതിരപ്പട എന്നിവയുടെ നായകന്മാർ, നഗരപ്രധാനികൾ എന്നിവർ ചേർന്നതാണ് എൺപേരായം. രാജാവിന്റെ സ്വേച്ഛാധിപത്യ വാസനകളെ ഒട്ടൊക്കെ തടഞ്ഞു നിർത്താൻ ഇത് ഉപകരിച്ചിരുന്നിരിക്കാം. നിർദ്ദാക്ഷിണ്യമായ വധശിക്ഷ അക്കാലത്ത് സാർവ്വത്രികമായിരുന്നു എന്നും കാണാം. ശരിയായ വിചാരണ കൂടാതെയുള്ള മുൻവിധികൾ ആപല്ക്കരമാണെന്ന സൂചനയും ചിലപ്പതികാരം നൽകുന്നുണ്ട്.

**സ്ത്രീ അനുഭവലോകങ്ങൾ**

സംഘകാലത്ത് സ്ത്രീകൾക്കുണ്ടായിരുന്ന സമ്മാന്യമായ പദവിയെക്കുറിച്ചും, സ്ത്രീയുടെ സമൂഹ്യജീവിതത്തെക്കുറിച്ചും നിരവധി സൂചനകൾ ചിലപ്പതികാരകാവ്യം നൽകുന്നുണ്ട്. സംഘകാലത്ത് ബഹുഭാര്യാത്വം സാധാരണമായിരുന്നെങ്കിലും ഏകഭാര്യാത്വത്തെ മുന്നോട്ടുവെയ്ക്കുന്ന കൃതിയാണ് ചിലപ്പതികാരമെന്നതും അതിന്റെ ചരിത്രപരമായ പ്രാധാന്യത്തെ എടുത്തുകാട്ടുന്നു . കൈക്കിളയ് , കളവ്, കർപ്പ് എന്നിങ്ങനെ മൂന്നുവിധം വിവാഹരീതികളെക്കുറിച്ച് സംഘം കൃതികളിൽ പരാമർശമുണ്ട്[7]. പക്ഷേ ചാരിത്രനിഷ്ഠയുള്ള സംഘകാലസ്ത്രീയുടെ പ്രതീകമാണ് ചിലപ്പതികാരനായികയായ കണ്ണകി. കണ്ണകിയെ രക്ഷിതാക്കൾ കോവലന് വിവാഹം കഴിച്ചു കൊടുക്കുന്നത് മതപരമായ ചടങ്ങുകളോടെയാണ്. വിവാഹശേഷം കോവലൻ മാധവി എന്ന ദേവദാസിയിൽ അനുരക്തനായിട്ടുപോലും കണ്ണകി അയാളെ വെറുക്കുന്നില്ല. പരസ്ത്രീബന്ധത്തിൽ ദുഃഖിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. പിന്നീട് മധുരയിലെ പാണ്ഡ്യഭൂപന്റെ കിങ്കരന്മാർ കോവലനെ വധിച്ചു എന്നറിഞ്ഞപ്പോൾ പകയൊടുങ്ങാതെ മധുരാനഗരിയെ അഗ്നിക്കിരയാക്കുമ്പോൾ അവളുടെ ചാരിത്രനിഷ്ഠ വാഴ്ത്തപ്പെടുന്നുണ്ട്. കണ്ണകിയുടെ സ്മരണ നിലനിർത്താൻ ചേരരാജാവായ ചെങ്കുട്ടുവൻ തീർത്ത സ്മാരകമാണ് കൊടുങ്ങല്ലൂരിലെ കണ്ണകി ക്ഷേത്രം എന്ന് വിശ്വസിച്ചു പോരുന്നു[8].

കണ്ണകിയുടെയും കോവലന്റെയും കഥ ചാത്തനാരിൽ നിന്ന് കേട്ട ചെങ്കുട്ടുവൻ പത്നിയോട് ചോദിക്കുന്നു: "ആരാണ് കൂടുതൽ ശ്രേഷ്ഠ?" പാണ്ഡ്യരാജന്റെ മരണത്തോടൊപ്പം മരണത്തെ പുൽകിയ മഹാദേവിയോ പതിവ്രതയായ കണ്ണകിയോ? ഇരുവരും ശ്രേഷ്ഠർ തന്നെ. പക്ഷേ നീതി ലഭിക്കാത്ത കണ്ണകി അനുഭവിച്ച യാതനകൾ ലോകത്ത് ഒരു സ്ത്രീയും അനുഭവിച്ചു കാണില്ല. അതിനാൽ കണ്ണകി ശ്രേഷ്ഠരിൽ ശ്രേഷ്ഠയാണെന്നാണ് രാജ്ഞിയുടെ മറുപടി.

സ്ത്രീകൾ അവരുടെ വിശ്വസ്തതയ്ക്കും സദ്ഗുണത്തിനും പ്രശംസിക്കപ്പെട്ടിരുന്നെങ്കിലും പുരുഷാധിപത്യ പ്രവണത നിലനിന്നിരുന്നു എന്ന് തന്നെ പറയേണ്ടതുണ്ട്. അവിവാഹിതരായ സ്ത്രീകൾ അനുയോജ്യമായ ഇണയെ കണ്ടെത്താൻ മുരുകനെ ആരാധിക്കുന്നതും ഭർത്താക്കന്മാരുടെയും യുദ്ധവിജയത്തിനായി കൊറ്റവൈദേവതയെ പ്രീതിപ്പെടുത്തുന്നതും സംഘകാലസമൂഹത്തിൽ പതിവായിരുന്നു.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീകൾക്ക് പരിഗണന ലഭിച്ചിരുന്നതിനാൽ അവരിൽ പലരും സാഹിത്യം, സംഗീതം, നാടകം എന്നിവയിൽ വിദുഷികളായിരുന്നു. കണ്ണകിയെ മുതുക്കുരവൈ എന്ന് ഇളങ്കോവടികൾ വിശേഷിപ്പിക്കുന്നത് ഈ പ്രാവീണ്യം മുൻനിർത്തിയാണ്.

**നാഗരികജീവിതത്തിന്റെ കാവ്യപാഠങ്ങൾ**

ക്ഷേത്രനഗരങ്ങൾ സമൂഹ്യജീവിതത്തിന്റെ സ്ഥലരാശിയായി ചിലപ്പതികാരത്തിൽ കടന്നുവരുന്നുണ്ട്. സംഘം കൃതികൾ പൊതുവെ ഗ്രാമീണ ജീവിതത്തെ ആവിഷ്കരിക്കുമ്പോൾ ചിലപ്പതികാരം നഗരകേന്ദ്രിതമായ സമൂഹ്യജീവിതത്തിന് പ്രാധാന്യം കൊടുക്കുന്നുവെന്നതും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പുകാർ നഗരത്തിന്റെയും മധുരാനഗരം, വഞ്ചി നഗരം എന്നിവയുടെയും വർണ്ണന ശ്രദ്ധിച്ചു നോക്കിയാൽ ഇക്കാര്യം ബോധ്യമാകും. എല്ലായിടത്തും സമൃദ്ധിയും പരിഷ്കാരവും പ്രകടമാണ്. കൃഷി, കൈത്തൊഴിൽ, വ്യാപാരം എന്നിവ പുരോഗതി പ്രാപിച്ചതിനാൽ ഉയർന്ന ഭൗതികജീവിതം നിലനിന്നിരുന്നു. സമുദായത്തിന്റെ മേൽത്തട്ടിലുള്ള വിഭാഗങ്ങൾക്ക് മാത്രമാണ് ഇത്തരം ഭൌതികസാഹചര്യങ്ങൾ നേടുവാൻ കഴിഞ്ഞിരുന്നത്. സാധാരജനതയുടെ അതിജീവനപാഠങ്ങൾ കാവ്യത്തിലുടനീളമുണ്ട് സ്വത്തുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ച ശക്തമായി; ചൂഷണം എല്ലാ നിലയിലും സജീവമായിരുന്നു. മോഷണം, വ്യഭിചാരം എന്നീ ദുഷ്പ്രവണതകൾ തലപൊക്കാൻ തുടങ്ങി. കർപ്പിന്റെ അടിസ്ഥാനത്തിലുള്ള പഴയ വൈവാഹിക ബന്ധങ്ങൾക്ക് ശൈഥില്യം വന്നതോടെ വേശ്യത്തെരുവുകൾ നഗരത്തിന്റെ അവിഭാജ്യഘടകമായിത്തീർന്നു. 'വേശ്യകൾ തങ്ങളുടെ നൃത്തഗീതാദികളിലുള്ള നൈപുണ്യത്തിനനുസരിച്ച് നാളൊന്നുക്ക് ഒരു കഴഞ്ചു മുതൽ ആയിരത്തെട്ടു കഴഞ്ചു വരെ തൂക്കമുള്ള സുവർണ്ണം തങ്ങളെ കാമിച്ചുവരുന്ന പുരുഷന്മാർ നൽകണമെന്ന നിയമം അടുത്തുകൂടുന്ന കാമിജനങ്ങളുടെ അകക്കാമ്പിൽ അല്ലലുളവാക്കി' എന്ന് ചിലപ്പതികാരത്തിൽ വർണ്ണിച്ചിട്ടുണ്ട് .

**കുറവരുടെ സമൂഹ്യജീവിതം**

കുറവസമുദായത്തിന്റെ ശക്തമായ പ്രാതിനിധ്യം ചിലപ്പതികാരകാവ്യത്തിലുണ്ട്. കുറവനോട് ബന്ധപ്പെട്ട പദങ്ങൾ പല സന്ദർഭങ്ങളിലായി ചിലപ്പതികാരത്തിൽ കടന്നു വരുന്നുണ്ട്. അവതരണഗാനത്തിലെ ഒരു സന്ദർഭം നോക്കുക:

*കുണവായിർക്കോട്ടത്തരചു തുറന്തിരുന്ത*
*കുടക്കോച്ചേരലിളങ്കോ വടികൾക്കു*
*കുന്റക്കുറവരൊരുങ്കുടൻ കൂടി*
*പൊലംപൂവേങ്കൈ നലങ്കിളർ*
*കൊഴു നിഴൽ ഇരുപെരുങ്കുരവരും*
*ഒരു പെരുനാളന്റെ മണവണി* ,

കുരവ മുതൽ, നറുവൈക്കൺ പൊട്ടിച്ച കുറവരിൻ ഓശൈ തുടങ്ങി ഒട്ടേറെ സന്ദർഭങ്ങളിൽ കുറവശബ്ദമുണ്ട്. കുണവായിർക്കോട്ടത്തിൽ വച്ച് ഇളങ്കോവടികൾക്കുചുറ്റും കുന്നിൽ വസിക്കുന്നവരായ കുന്റക്കുറവന്മാർ എന്ന ആദിവാസികൾ വന്നു നിന്നു എന്നാണ് വിവരണം. പൂർവികൻ എന്ന അർത്ഥമാണ് ചിലപ്പതികാരം പലപ്പോഴും കുറവനു നല്കുന്നത്. കണ്ണകിയുടെയും കോവലന്റെയും മാതാപിതാക്കൾ അവരെ ഗൃഹസ്ഥാശ്രമത്തിൽ ഏർപ്പെ

ടുത്തുന്ന അധ്യായത്തിന് കുരൈവർ മനയറം പടുത്ത ഗാഥ എന്നാണ് പറയുന്നത്. പക്വത കൊണ്ട് വൃദ്ധയായ കണ്ണകി 'ചിറുമുതുക്കുറൈവി' ആണ്. കണ്ണകിയും കോവലനും കുറവ വംശജരായ വൈശ്യരായിരുന്നുവെന്ന് ഇതുകൊണ്ടനുമാനിക്കാം. ദക്ഷിണേന്ത്യയിൽ സുബ്രഹ്മണ്യപത്നിയായ വള്ളിക്കുറത്തിയുടെ മക്കളായാണ് കുറവരെ കരുതുന്നത്. താപസിയായ കവുന്തിയടികളെ 'കുരവർ' എന്നും ഈശ്വരനെ 'ഇറൈവൻ കുരവൻ ഇയൽ കുണനെങ്കോൻ; എന്നും വിശേഷിപ്പിക്കുന്നതിൽ നിന്ന് താപസി, ഈശ്വരൻ, പത്നി, ആദിവാസി എന്നെല്ലാം ഉള്ള അർത്ഥം കുരവപദത്തിൽ വിവക്ഷിക്കാം. കുരവനാകാം പിന്നീട് ഗുരുവായതെന്ന് ചിലപ്പതികാരപഠനത്തിൽ ഡോ. സുവർണ്ണ നാലാപ്പാട്ട് (1994:16) നിരീക്ഷിക്കുന്നു. കൗരവവംശമാണ് കുറവ വംശമായത് എന്ന അഭിപ്രായവും നിലനിൽക്കുന്നുണ്ട്. മഹാവിഷ്ണുവിനെ കുരവ മുതൽവനെന്ന് ചിലപ്പതികാരത്തിൽ അഭിസംബോധന ചെയ്യുന്നുണ്ട്.

വയനാട്ടിലെ മുള്ളുവക്കുറുമുടെ പൂർവികരായ വേടന്മാർ പരദേവതയായി കുറുംബയെ ആരാധിക്കുന്നവരാണ്. ഇത് കണ്ണകി കഥയുടെ പഴമയിലേക്ക് വിരൽ ചൂണ്ടുന്നു. ചിലപ്പതികാരകഥയ്ക്ക് ആധാരമായി നിൽക്കുന്ന കണ്ണകി- കോവല പുരാവൃത്തം ജാതിവിവേചനരഹിതമായ ഒരു സമൂഹത്തിന്റെ സാധ്യതകളിലേക്ക് വെളിച്ചം വീശുന്നുണ്ട്.

നറവക്കണ്ണു (തേൻകൂട്) പൊട്ടിച്ച കുറവരെ പറ്റി വഞ്ചികാണ്ഡത്തിൽ പരാമർശമുണ്ടല്ലോ. തേൻ ശേഖരണം നടത്തിയിരുന്ന ഈ മുള്ളുവക്കുറുമർ മുൻകാലങ്ങളിൽ വേട്ടയാടി ജീവിച്ചിരുന്നതിനാൽ വെട്ടുകുറുമർ എന്നും അവർക്ക് പേരുണ്ട്. വേട്ടക്കാരൻ, വേടൻ എന്നീ പദങ്ങളിൽ നിന്നാണ് മലവേട്ടുവരെന്ന പദത്തിന്റെ ഉദ്ഭവം. അവർ വേട്ടക്കൊരു മകനെ ആരാധിച്ചിരുന്നു. വള്ളിക്കുറത്തിക്കുണ്ടായ കുറവവംശവും അവരുടെ തലവന്മാരും വേട്ടെക്കാരനെ ആരാധിക്കുന്ന രാജവംശങ്ങളും ഒരേ മൂലവംശമാണെന്ന് കരുതാം. കണ്ണകിയും കോവലനും മധുരയ്ക്ക് പോകുന്ന വഴി വേട്ടുവരുടെ കൊടുകൊട്ടിയാട്ടം എന്ന വേട്ടുവവരി കാണുന്നുണ്ട്. അതിദീർഘമായ സംസ്കാരിക വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ തൊഴിലധിഷ്ഠിതമായ വിവേചനങ്ങൾ നിലവിൽ വന്നു. ആരാധനാക്രമങ്ങളും ദേവതകളും മാറി വന്നു.

വൈശ്യരായ കണ്ണകീ കോവലന്മാരും തപസ്വിനിയായ കവുന്തിയടികളും മാടല ബ്രാഹ്മണനും യുവരാജാവായ ഇളങ്കോവടികളും ബ്രാഹ്മണിയായ ദേവന്തിയും മുക്കുവന്റെ മകളായി ജനിച്ച് ദേവദാസിയായ മാധവിയും കൃഷ്ണാരാധികയായ മാതരിയും വേട്ടുവവരിയാടുന്ന ശാലിനി എന്ന പൂജാരിണിയും കുന്നിലെ കുറവൻമാരുടെ പൂർവികമായ ഐതിഹ്യത്തിന്റെ തുടർച്ചകളായി ചിലപ്പതികാരത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ ജാതീയമായ ഉച്ചനീചത്വങ്ങൾ കാവ്യത്തിൽ കടന്നുവരുന്നില്ലെന്നതും ശ്രദ്ധേയമാണ്.

ദ്രാവിഡദേശത്തെ സ്ത്രീകൾ പണ്ടേയ്ക്കു പണ്ടേ പാടിവന്നിരുന്ന ഒരു പ്രണയകഥയിൽ നിന്നാണ് ചിലപ്പതികാരത്തിന്റെ ബീജം ഇളങ്കോവടികൾക്ക് ലഭിക്കുന്നത്. ഇഷ്ട ഭർത്താവിനെ ലഭിക്കാൻ പെൺകിടാങ്ങൾ പാടുന്ന ഈ പാട്ടിൽ സ്ത്രീത്വത്തിന്റെ അസാധാരണത്വം അനുഭവിക്കാൻ കഴിയുന്നു. രാമായണത്തിലെ സീത ഭൂമിക്കടിയിൽ അന്തർധാനം ചെയ്ത പോലെ ചിലപ്പ

തികാരത്തിലെ കണ്ണകി രാജനീതിയെ തീയിലെരിച്ച് ധർമ്മവും സത്യവും വെളിപ്പെടുത്തുകയാണ്. സർവ്വകാലികമായ ധർമ്മാദർശങ്ങളിലേക്ക് ചിലപ്പതികാര കാവ്യം സഞ്ചരിച്ചെത്തുന്നു.

**സംജ്ഞകളും സാമൂഹികസന്ദർഭങ്ങളും**

കവുന്തിയടികൾ എന്ന സ്ത്രീ കഥാപാത്രത്തെ അടികൾ എന്ന് വിളിക്കുന്നതുകൊണ്ടും അവരുടെ വാസസ്ഥാനത്തെ കവുന്തിപ്പള്ളി എന്ന് പറയുന്നത് കൊണ്ടും അവർ ജൈന പുരോഹിതയാണെന്ന് അനുമാനിക്കാവുന്നതാണ്. അതേസമയം അവർ ചെയ്യുന്ന ചില പ്രവൃത്തികൾ മുരുകാരാധനയെ ഓർമിപ്പിക്കുന്നുമുണ്ട്. മധുരയ്ക്ക് പുറപ്പെടുമ്പോൾ അവർ കയ്യിലെടുക്കുന്ന സാധനങ്ങളിൽ ഒന്ന് പീലിക്കെട്ടാണ്. അത് മുരുകാരാധനയെ കുറിയ്ക്കുന്നതാണ്. അതേസമയം കയ്യിലുള്ള അറുകടിക (ഭിക്ഷാപാത്രം) അറുവാ (പൊക്കണം)എന്നിവ സന്യാസവൃത്തിയെ കാണിക്കുന്നുമുണ്ട്. 'മൊഴിപ്പൊരുൾ ദൈവം വഴിത്തുണൈ' എന്നാണ് അവർ മനസ്സിൽ ധ്യാനിക്കുന്നത്. ഉപദേശങ്ങളിൽ ധർമ്മം, അഹിംസ മുതലായവയ്ക്ക് പ്രാധാന്യം നൽകുന്നുണ്ട് എന്നുമോർക്കണം. ശ്രമണചാരണൻമാരെയാണ് അവർ വഴികാട്ടികളായി നിർദ്ദേശിക്കുന്നതും. കോവലനെ പാണ്ഡ്യൻ അന്യായമായി വധിച്ചപ്പോൾ പ്രായോപവേശം ചെയ്താണ് കവുന്തിയടികൾ സ്വശരീരം ത്യജിക്കുന്നത്. വൃദ്ധയും സുശീലയുമായ മാതരി കവുന്തിഅടികളുടെ വിശ്വാസപാത്രമായി പ്രത്യക്ഷപ്പെടുന്നു. മധുരയുടെ പുറഞ്ചിറയിൽ യക്ഷിക്ക് പാലടനിവേദിച്ച് മടങ്ങുമ്പോഴാണ് മാതരി കവുന്തിയടികളെ വണങ്ങുന്നത്. ജൈനരുടെ പത്മാവതിയാണ് ഈ യക്ഷി എന്ന് ഊഹിക്കാവുന്നതാണ്.

പുത്രിയായ അയയെ വിളിച്ച് കണ്ണകിക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ എടുപ്പിക്കുന്നുണ്ട് മാതരി. അന്നത്തെ ഗ്രാമീണ ഭക്ഷണരീതിയെ ഇത് പരിചയപ്പെടുത്തുന്നു. കലങ്ങൾ, വരിവളഞ്ഞ കായ്കൾ, മാങ്ങ, മധുരത്തേൻ പഴം, ചക്ക, മാതളം, കായശാലിനെല്ലരി അടുപ്പുകൂട്ടാൻ ഇളം വൈക്കോൽ, ഇട്ടിരിക്കാൻ പുതുതായി നെയ്ത കരിമ്പനയോലത്തടുക്ക്, ഉണ്ണാൻ കുലക്കാത്ത കുമരിവാഴയുടെ ഇല, മുറുക്കാൻ തളിർവെറ്റിലയും അടക്കയും ഇത്രയും വിഭവങ്ങളാണ് ഒരുക്കുന്നത്.

കവുന്തിയടികൾ മഹാഭാരതത്തിലെ കുന്തിയെയും മാതരി മാദ്രിയും ഓർമ്മിപ്പിക്കുന്ന നാമധേയങ്ങൾ ഉള്ളവരാണെന്നതും ശ്രദ്ധിക്കേണ്ടതുണ്ട്. ഈ നാമകരണം കേവലം യാദൃശ്ചികം എന്നു പറയാനാവില്ല.

മാടലനെന്ന ബ്രാഹ്മണ പണ്ഡിതനെക്കുറിച്ചുള്ള പരമാർശം നോക്കുക:

*താഴ് വീർ വേലിത്തലൈച്ചെങ്കാനത്തു നാൻമറൈ മുറ്റിയ*
*നമ്പൂരി കൊൾകൈ മാമറൈ മുതൽവർ മാടലനെൻപോൻ*

നാലുവേദം പഠിച്ച് മഹാവേദങ്ങളുടെ മുതൽവനെന്ന് പേരെടുത്തവനാണ് മാടലൻ എന്ന പരാമാർശം കൃതിയിൽ കാണാം. വേദപഠനം അക്കാലത്ത് തമിഴകത്ത് ഉണ്ടായിരുന്നു എന്നതിന് സാക്ഷ്യമാണ് ഈ വരികൾ. മൊഴിപ്പൊരുൾ ദൈവത്തിന്റെ ഉപാസ കയായ കവുന്തിയടികളും മാടലനും പരസ്പരബഹുമാനമുള്ളവരാണ്. മാടലരുടെ വാക്കുകളെ കർഷക

വൃത്തിയോട് സാദൃശ്യപ്പെടുത്തുന്നത് കാർഷികവൃത്തിയെകുറിച്ച് സൂചന നൽകുന്നതാണ്.

*മറൈയോൻ മറൈനാ ഉഴുതുവാൻ പൊരുൾ*
*ഇറയോൻ ചെവി ചെറുവാക വിത്തലിൻ*

വേദമോതുന്ന നാവാകുന്ന കലപ്പ കൊണ്ടുഴുത് മഹദ്വാക്യങ്ങളാകുന്ന വിത്തിനെയാണ് രാജാവിന്റെ ചെവിയാകുന്ന വയലിൽ അയാൾ വിതച്ചത്. (1977:1015).

**കേരളീയതയുടെ ഭാവനാത്മകനിർമതി**

ക്ലാസിക്ക് കൃതികൾ ഭാവനാത്മകമായ ഒരു ദേശത്തെ നിർമ്മിച്ചെടുക്കുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. കേരളമെന്ന ദേശഭാവനയെ രൂപപ്പെടുത്തിയതിലും നിർമ്മിച്ചെടുക്കുന്നതിലും ചിലപ്പതികാരകാവ്യത്തിന്റെ പങ്ക് ചെറുതല്ല. കേരളത്തിലെ സമൂഹജീവിതത്തെക്കുറിച്ചുള്ള നിരവധി പരാമർശങ്ങൾ കാവ്യത്തിലുണ്ട്. ചെങ്കുട്ടുവന്റെ വർണ്ണനയിലൂടെ വഞ്ചിനാടിന്റെ സമൃദ്ധിയിലേക്കും ഭരണസംവിധാനങ്ങളിലേക്കുമെല്ലാം കാവ്യം സഞ്ചരിച്ചെത്തുന്നു. മലയൻ, കുടക്കോൻ, ഉഴവൻ എന്നെല്ലാം ചേരനെ സംബോധന ചെയ്യുന്നു. വഞ്ചി ഭൂപതിക്ക് മലയൻ എന്ന പര്യായം മലയാള നാടിനെ കുറിക്കാൻ പര്യാപ്തമാണ്. ചെങ്കുട്ടുവൻ വരുമ്പോൾ കാവൽമാടങ്ങളിലിരുന്ന് കുറത്തിമാർ കുറിഞ്ചിപ്പാണി പാടി. തിനക്കാട്ടിൽ തിന തേടി വന്ന ആന മതിമയങ്ങി ഉറങ്ങി. പുന്നമരച്ചോട്ടിൽ മുത്തുകൾ വാരി കഴഞ്ചി കളിക്കുന്ന മങ്കമാരെയും അവിടെ കാണാം .

നെയ്യാറിനാൽ ചുറ്റപ്പെട്ട വഞ്ചിയിൽ ജനിച്ചതിന്റെ പേരിൽ കവി ആത്മാഭിമാനം കൊള്ളുന്നുണ്ട്. രാജസ്തുതിയിൽ മൂവുലകളന്ന വാമനൻ, സമുദ്രത്തെ പിൻ വാങ്ങിച്ച പരശുരാമൻ എന്നിവരെയൊക്കെ സ്മരിക്കുന്നു. കേരളീയ ദേവീക്ഷേത്രങ്ങളിലെ പൂജാരിണികളെ പറ്റി വിവരം നൽകുന്നതാണ് ശാലിനിയെ കുറിച്ചുള്ള വർണ്ണന. കൈ ഉയർത്തി മുടി ചിക്കി ചോടു വെച്ചാടിവന്ന് ശാലിനി എന്ന വെളിച്ചപ്പാട് ഇങ്ങനെ പറയുന്നു : "മാറ്റോരുടെ ഊരിലെ പശുക്കൾ കൊഴുത്തു. വില്ലേന്തിയ എയിനരുടെ മന്റങ്ങൾ ശൂന്യമായി. മാൻമുകളേറിയ ദേവിക്ക് ഊണ് കൊടുക്കാഞ്ഞാല് വെല്ലടുത്ത നിങ്ങൾക്ക് വിജയമില്ലെന്നറിയുവിൻ. വഴിപോക്കരുടെ മുതൽ തട്ടിയെടുത്ത് ഉണ്ണുന്നവരായ മറവക്കുലമേ, മധുപാനം ചെയ്ത് രസിച്ചിരിക്കണമെങ്കിൽ എനിക്കുള്ള ബലി തരിക"- കാവ്യം രചിക്കപ്പെട്ട കാലത്തെ കേരളീയ ജീവിതത്തിന്റെ ഒരു പരിച്ഛേദം ഈ വാക്യത്തിൽ ഉണ്ട്.

പ്രകൃതി സുന്ദരമാണ് വഞ്ചിനാട്. പെരിയാർ മഹാവിഷ്ണുവിന്റെ വനമാല പോലെ ഒഴുകുന്ന നാട്. കരിനീല രത്നം പോലെ വിടർന്ന കുവലയങ്ങൾ. ചെങ്കുട്ടുവന്റെ സേന നീങ്ങുമ്പോൾ ഞെളിയുന്ന മലമുതുക്. ഇവയെല്ലാം ചേർന്ന നാട്ടിൽ ജനിച്ച കവി അഭിമാനിക്കുന്നു.

കേരളത്തിലെ സാംസ്കാരികപരസ്പരാശ്രയമെന്ന സങ്കല്പനത്തെ (cultural symboisis) വിശദീകരിക്കുവാൻ സംഘകാലസാഹിത്യത്തിലെ ഏറ്റവും

ബലിഷ്ഠമായ മാതൃകയായ ചിലപ്പതികാരത്തെയാണ് പ്രൊഫ.എം.ജി.എസ്. നാരായണൻ ഉപയോഗിക്കുന്നത്. *cultural symbiosis in Kerala* എന്ന എം.ജി.എസ്. നാരായണന്റെ പഠനം കേരളത്തിൽ നടന്നിട്ടുള്ള സാംസ്കാരികവിനിമയബന്ധ ങ്ങളെക്കുറിച്ച് മാത്രമല്ല ചലിപ്പതികാരകാവ്യത്തിന്റെ രചനാകാലത്തെക്കു റിച്ചും പുതിയ വെളിച്ചം നൽകുന്നു. ഒമ്പതു മുതൽ പതിനൊന്നു വരെ ശത കങ്ങളിൽ കുണവായിർക്കോട്ടത്തിലെ ചട്ടങ്ങൾ ഉദ്ധരിക്കുന്ന ചില ജൈന ക്ഷേത്ര ശിലാരേഖകളെപ്പറ്റിയും എം.ജി.എസ് സൂചനനൽകുന്നു. "ദക്ഷിണേ ന്ത്യയിലെ അതിമഹത്തായ തമിഴ് മഹാകാവ്യമായ ചിലപ്പതികാരം തിരുക്കു ണവായ് അഥവാ തൃക്കണാമതിലകമെന്ന കുണവായിൽക്കോട്ടത്ത് വെച്ച് ഒമ്പതാം നൂറ്റാണ്ടിൽ എഴുതപ്പെട്ടതാണ് എന്ന അറിവ് ബ്രാഹ്മണാധി പത്യകാലത്തും ജൈനസംസ്കാരത്തിന് കേരളത്തിലുണ്ടായിരുന്ന സ്ഥാനം വ്യക്തമാക്കുന്നു''(1972:3). കുണവായിർക്കോട്ടവും ചിലപ്പതികാരവും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയാണ് എം.ജി.എസ്സ് വസ്തുതാ പരമായ ചിലനിരീക്ഷണങ്ങൾ പങ്കുവെയ്ക്കുന്നത്. കവിതയുടെ ആരംഭത്തിൽ കാവ്യരചയിതാവിനെപ്പറ്റി കുണവായിർ കോട്ടത്തുരചുതുറന്തിരുന്ത കുടക്കോച്ചേരൽ ഇളങ്കോവടികൾ എന്ന് നിർദ്ദേശം നൽകുന്നുണ്ട്. ജൈനമത ധർമ്മപ്രചരണം കവിയുടെ ഒരു പ്രധാന ലക്ഷ്യമായിരുന്നു എന്നും ചിലപ്പതികാരം ഒരു ചരിത്രകൃതിയായി കാണേണ്ടതില്ലെന്നുമാണ് എം.ജി. എസ് തുടർന്ന് എഴുതുന്നത്. (1972:3). കുണവായിർക്കോട്ടം കേരളത്തിലെ തൃക്കണാമതിലകമാണെന്ന് ഉറപ്പിച്ചു പറയാവുന്നതാണ്. ഏഴാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ അവിടെ ജൈനക്ഷേത്രം നിർമ്മിതമായ കാലത്താകണം ചിലപ്പതികാരം രചിച്ചതെന്ന് അദ്ദേഹത്തിനഭിപ്രായമുണ്ട്. 'കുണവായ്' എന്ന തിനെ കിഴക്കേ വാതിൽ എന്നർത്ഥം കൽപ്പിച്ച് വഞ്ചിനാടിന് കിഴക്ക് ഭാഗ ത്തുള്ള കരുവൂരാണ് ആദിചേര തലസ്ഥാനമെന്നു സങ്കൽപ്പിച്ച് ചില പുരാ വസ്തു ഗവേഷണങ്ങൾ നടന്നിട്ടുണ്ടെങ്കിലും അവയെല്ലാം അടിസ്ഥാനരഹി തമാണ് എന്ന് ബോധ്യമായതാണ്. ചിലപ്പതികാരരചനാകാലത്തെക്കുറിച്ച് കൂടുതൽ വസ്തുനിഷ്ഠമായ തെളിവുകൾ കണ്ടെത്താൻ എം.ജി.എസ്സിന്റെ പഠനം സഹായിച്ചിട്ടുണ്ട്.

സംഘകാലത്തിന്റെ സങ്കേതങ്ങളും ശൈലികളും പ്രയോഗിച്ചിട്ടുണ്ടെ ങ്കിലും അന്നത്തെ പ്രാകൃതമായ മലങ്കോട്ടകളും പടയാളികളുമല്ല സംസ്കൃത സ്വാധീനമുള്ള വൈദികരും ജ്യോതിഷക്കാരുമൊക്കെ നിറഞ്ഞ വീഥികളാണ് കവിതയിൽ പ്രതിഫലിക്കുന്നത്. ബ്രാഹ്മണ സങ്കേതങ്ങളുടെ ഭാഗമായി ചാക്യാർക്കൂത്ത് ഉണ്ടാകുന്നത് ഏഴാം ശതകത്തിന് ശേഷമാണ്. പറവൂർ എന്ന കേരള ബ്രാഹ്മണ സങ്കേതം 32 മൂല ഗ്രാമങ്ങളുടെ കൂട്ടത്തിൽ സ്ഥാപിക്ക പ്പെടുന്നതും ഏഴാം നൂറ്റാണ്ടിന്റെ അന്ത്യത്തോടു കൂടിയാണ്.

'കുടകക്കൊങ്കരും ആളുപവേന്തരും കചപാകുവും' എന്ന വരിയിൽ മംഗലാപുരത്തിനടുത്ത് പ്രത്യക്ഷപ്പെടുന്ന ആളുപരാജാക്കന്മാരെക്കുറിച്ച് പറയുന്നുണ്ട്. ഇതും ആറാംശതകത്തിന് ശേഷമേ സാധ്യമാകൂ. കൂടാതെ ചെങ്കുട്ടുവൻ കണ്ണകി ശില ചുമപ്പിച്ച് വഞ്ചിവരെ നടത്തിച്ചതായി കവിതയിൽ വർണ്ണിക്കുന്ന കനകവിജയൻമാർ പാലകുമരൻ മക്കളാണെന്നും ഇതിഹാസ

പ്രസ്താവനയുണ്ട്. ഏഴാം നൂറ്റാണ്ടിൽ വംഗദേശത്തുണ്ടായ പാല രാജാക്കന്മാരെയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ നിലയ്ക്കെല്ലാം കുണവായിർക്കോട്ടത്തെ കുറിച്ചുള്ള എം.ജി.എസിന്റെ നിഗമനങ്ങൾ കുറച്ചുകൂടി വസ്തുതാപരമെന്ന് പറയേണ്ടിവരും.

ചിലപ്പതികാരത്തിൽ നിഴലിക്കുന്നത് വൈവിധ്യമാർന്ന ജനജീവിതമാണ്. ചാന്തും അകിലും ചന്ദനവും വിൽക്കുന്നവർ, പരുത്തിയിലും രോമത്തിലും ചിത്രം ചേർക്കുന്ന ചാലിയർ, വെള്ളുപ്പു വിൽക്കുന്നവർ, മീൻ വിൽക്കുന്ന ഭരതന്മാരുടെ വീഥികൾ, വെങ്കല പ്പണിക്കാർ, തട്ടാൻമാർ, തച്ചന്മാർ, തുണിപ്പാവ ഉണ്ടാക്കുന്നവർ, മുറയായി ഗാനം പാടുന്ന പെരുമ്പാണർ പാർക്കുന്ന സ്ഥലങ്ങൾ ഇതെല്ലാം പൂംപുകാറിൽ കാണാം. ആയുർവേദജ്ഞർ, ശകുനക്കാർ, കാവൽ ഗണിക, കൂത്തുകാർ ഒക്കെ പട്ടണഭാഗത്തുണ്ട്. വിദൂഷകരും അശ്വപാലരും ഗജപാലരും ഇരിക്കുന്ന ഹർമ്യങ്ങൾ എന്നിവയുമുണ്ട്. യാനപാത്രങ്ങളുടെ സമൃദ്ധിയാണ് പാണ്ഡ്യനാ ടിനെ ശ്രദ്ധേയമാക്കുന്നത്. വൈഗാനദി മുറിച്ച് കടക്കാൻ ഗജമുഖത്തോണിയും അശ്വമുഖത്തോണിയും സിംഹമുഖത്തോണിയും എല്ലാം ഉണ്ടവിടെ. മത്സ്യമാംസങ്ങൾ വിൽക്കുന്നവരുടെ തെരുവുകൾ പാണ്ഡ്യനാട്ടിൽ കാണുന്നില്ലെന്നതും ശ്രദ്ധേയം തന്നെ. പലതരം യന്ത്രങ്ങൾ കൊണ്ട് സമൃദ്ധമാണവിടം. അധ്യയനത്തിന് പരമപ്രാധാന്യം നൽകുന്നതും കാണാം.

സംഗീതവും നൃത്തവുമാണ് വഞ്ചിനാടിന്റെ സവിശേഷത. കർണാടകം, കൊങ്കണം എന്നിവിടങ്ങളിലെ നർത്തകർ വഞ്ചിഭൂപന്റെ സഭയിലെത്തുന്നുണ്ട്. പെരുങ്കുല, വാഴക്കുല, തെങ്ങിൻ പഴം, കാട്ടുകോഴി, തേൻമൊഴി തൂകും തത്തകൾ തുടങ്ങിയവയെല്ലാം കുറവന്മാർ രാജാവിനെ തിരുമുൽക്കാഴ്ച വയ്ക്കുന്നു. കാർഷിക സമ്പത്തും ജ്ഞാനസമ്പത്തുമാണ് വഞ്ചി നാടിന്റെ സ്വത്ത്. കാവൽചാളയിലെ കുറത്തിപ്പാട്ടും നിലമുഴുന്ന മരുതപ്പാട്ടും ഗോപാലരുടെ വെയ്കുഴൽ പാട്ടും അലിഞ്ഞുചേർന്ന ദേശാനുഭവം ഇതിൽ കാണാം.

സംഘകാല കവിതകളിൽ നിന്ന് വ്യത്യസ്തമായി നാടൻപാട്ട് വൃത്തങ്ങൾ സമൃദ്ധമായി ചിലപ്പതികാരകാവ്യത്തിൽ ഉപയോഗിക്കുന്നു. കടൽത്തീരത്ത് പാടുന്ന ഗാനങ്ങൾ ഉൾപ്പെട്ട കാനൽ വരിയിലും ആയ്ചിയിർകുരവൈ തുടങ്ങിയവയിലും പ്രാദേശികവായിത്താരികൾ കാണാം. നാടോടിത്തനിമയെക്കുറിച്ചുള്ള പുനരന്വേഷണങ്ങൾക്ക് ഇവ നല്ലൊരു ഉപാദാന സാമഗ്രിയാണ്. മലയാളത്തിലെ പാട്ട് പ്രസ്ഥാനത്തിലെ പല വൃത്തങ്ങളുടെയും പൂർവ്വരൂപം ഇതിൽ കണ്ടെത്താം.

ശ്രീകുരുംബക്ഷേത്രങ്ങളിലും ഇടുക്കിയിലെ മംഗളാദേവി ക്ഷേത്രത്തിലുമുള്ള പൂജാക്രമങ്ങളിൽ ചിലപ്പതികാരകഥയുടെ പരോക്ഷ സ്വാധീനം ഉണ്ട്. ചിത്രാപൗർണമി നാളിൽ മംഗളാദേവി ക്ഷേത്രത്തിൽ നടത്തുന്ന ആചാരങ്ങൾക്ക് കണ്ണകി കഥയുമായി അടുത്ത ബന്ധം കാണാം. ശിവപ്രതിഷ്ഠയുള്ള ശ്രീകോവിലിൽ കേരളീയനും മംഗളാദേവിയുടെ കോവിലിൽ തമിഴനും ആണ് പൂജ നടത്തുന്നത്.

ഇടുക്കിയിൽ തന്നെ മന്നാൻമാർ എന്ന ആദിവാസികളുടെ കലാരൂപമായ മന്നാൻകൂത്ത് കോവലന്റെയും കണ്ണകിയുടെയും കഥാസന്ദർഭങ്ങളെയാണ് ആവിഷ്കരിക്കുന്നത്[9] . നാടോടി സ്വരൂപത്തിന്റെ കെട്ടുറപ്പുള്ള മന്നാൻ കൂട്ടത്തിൽ കോവലന്റെ അച്ഛൻ മാച്ചാത്തം ചെട്ടിയുടെയും അമ്മ മരണമാലിയുടെയും വിവാഹം മുതൽക്കുള്ള സന്ദർഭങ്ങൾ വിവരിക്കുന്നു. ചിലപ്പതികാരകഥയുമായി നേരിട്ടുള്ള ബന്ധം ഈ കൂത്തിനില്ലെങ്കിലും ആ കാവ്യം കേരളീയ സമൂഹത്തിൽ വരുത്തിയ സവിശേഷമായ ഇടപെടലുകളെ ക്കുറിച്ച് കൂടുതൽ ആലോചനകൾക്ക് ഇത് സന്ദർഭം സാധ്യതയിട്ടുതരുന്നു.

**ഉപസംഹാരം**

കേരളീയസമൂഹനിർമ്മിതിയിലും സംസ്കാരചരിത്രത്തിലും ചിലപ്പതി കാരകാവ്യം വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ചിലപ്പതികാരം വലിയൊരു വ്യവഹാരലോകമാണ്, അത് സാഹിത്യമേഖലയേയും കവിഞ്ഞ് നിൽകുന്നു. സാഹിത്യപാഠത്തിനപ്പുറത്തേക്ക് സമൂഹജീവിതത്തിന്റെ ആവിഷ്കാരപാഠ ങ്ങളായി ചിലപ്പതികാരം മാറുന്നുണ്ട്.

ചേര -ചോള - പാണ്ഡ്യരാജാക്കന്മാരുടെ ഭരണചരിത്രവും, കേരളം, തമിഴ്നാട്, ശ്രീലങ്ക, ഉത്തരേന്ത്യ എന്നിവിടങ്ങളിലെ ഭരണകർത്താക്കളെ കുറിച്ചുള്ള നിരവധി സൂചനകളും ചിലപ്പതികാരകാവ്യത്തിലുണ്ട്. രേഖീയമായി കഥവിവരിച്ചുപോകുന്ന രീതിയിലല്ല കാവ്യത്തിന്റെ രചന. സ്ഥലം സന്ദർഭം വ്യക്തി സമൂഹം എന്നീ ഘടങ്ങളുമായി കാവ്യപാഠത്തെ കണ്ണിചേർക്കുവാനാണ് ഇളങ്കോവടികൾ ശ്രമിച്ചിട്ടുള്ളത്. ജൈനമത ആശയ ങ്ങൾക്ക് പ്രമുഖ്യം ഉണ്ടെങ്കിലും എല്ലാ വിഭാഗക്കാരെയും പരിഗണിച്ചു മുന്നേ റുന്ന ഇതിഹാസ കാവ്യമാണ് ചിലപ്പതികാരം. സംസ്കാരപഠനത്തിന്റെ രീതിശാസ്ത്ര സങ്കല്പനങ്ങൾ ഉപയോഗിച്ച് നിരവധി പഠനങ്ങൾക്കും അന്വേഷണങ്ങൾക്കും വഴി തുറന്നുതരുന്നു ചിലപ്പതികാരം. ക്ലാസിക്കൽ ഭാഷ കളുടെ പട്ടികയിൽ മലയാളം കൂടി ഇടം പിടിച്ച ചരിത്രസന്ദർഭത്തിൽ കേരളത്തിന്റെ സമൂഹ്യജീവിതത്തെക്കുറിച്ചും സംസ്കാരചരിത്രത്തെക്കുറിച്ചും നിരവധി സൂചനകൾ നൽകുന്ന ചിലപ്പതികാരകാവ്യത്തെക്കുറിച്ചുള്ള പഠനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്.

**കുറിപ്പുകൾ**

1. ചിലപ്പതികാരം, മണിമേഖല, ചീവക ചിന്താമണി, കുണ്ഡലകേശി, വളയപാതി എന്നീ തമിഴ് മഹാകാവ്യങ്ങളെ ഒരുമിച്ചുചേർത്ത് പഞ്ചമഹാകാ വ്യങ്ങൾ (ഐപ്പെരുങ്കാപ്പിയങ്ങള്) എന്ന് തമിഴ് സാഹിത്യ ചരിത്രങ്ങളിൽ പരാമർശമുണ്ട്. നന്നൂലിലാണ് ഇവയെക്കുറിച്ചുള്ള ആദ്യ പരാമർശം കാണുന്നത്. ഒന്നു മുതൽ പത്താം ശതകം വരെയാണ് ഇവയുടെ രചനാകാലം എന്നു പൊതുവേ പറയാമെങ്കിലും കാലം, രചനാകർതൃത്വം എന്നിവയെക്കുറിച്ച് തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. ചിലപ്പതികാരം ഇള ങ്കോവടികളും മണിമേഖല സിതലൈ സിത്തനാരും (ചാത്തനാർ എന്ന് മലയാള പ്രയോഗം) ചീവക ചിന്താമണി തിരുടക്കട്ടേവരും കുന്ധലകേശി

നഗുത്തനാരും രചിച്ചു. ജൈന ഇതിഹാസമായ വളയപാതി അജ്ഞാത കർതൃകമാണ്.

2. ക്ഷേത്രങ്ങളിലും ഏതാനും മഠങ്ങളിലും താളിയോലകളുടെയും കയ്യെഴുത്ത് പ്രതികളുടെയും രൂപത്തിൽ വിസ്മൃത പ്രായമായി കിടന്നിരുന്ന ചിലപ്പതികാരത്തെ സംരക്ഷിക്കുകയും പകർത്തിയെടുക്കുകയും ചെയ്ത തമിഴ് പണ്ഡിതനാണ് യു.വി സ്വാമിനാഥ അയ്യർ. ആദ്യ ഭാഗിക പതിപ്പ് 1872-ല് പ്രസിദ്ധീകരിച്ചു. 1894ൽ അതിന്റെ പൂർണപതിപ്പും പുറത്തുവന്നു. തുടർന്ന് ഇംഗ്ലീഷ് ഉൾപ്പെടെ വിവിധ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയതോടെയാണ് ലോകം അറിഞ്ഞത്.

3. ഇളംകോ എന്ന വാക്കിന് യുവരാജാവ് എന്നാണർത്ഥം. ചേരരാജ സദസ്സിലെ ഒരംഗമായിരുന്ന ഇദ്ദേഹം കരികാല ചോഴന്റെ സമകാലികനായിരുന്ന ജൈനസന്യാസി ആയിരുന്നു എന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

4. ചിലപ്പതികാരത്തെയും മണിമേഖലയെയും ചേർത്ത് ഇരട്ടക്കാവ്യങ്ങൾ എന്നാണ് വിളിക്കാറ്. ചിലപ്പതികാരത്തിലെ കോവലന്റെയും മാധവിയുടെയും മകളാണ് മണിമേഖല. പത്തിനിക്കടവുൾ ആയ കണ്ണകിയുടെ മകൾ എന്നാണ് രചയിതാവിന്റെ പരാമർശം. ക്രിസ്തബ്ദത്തിന്റെ ആദ്യകാലങ്ങളിൽ തന്നെയാണ് മണിമേഖലയുടെ രചന എന്ന് രാമചന്ദ്രദീക്ഷിതർ അഭിപ്രായപ്പെടുമ്പോൾ ആറാം നൂറ്റാണ്ടിലാണെന്ന് വൈയാപുരി പിള്ള വാദിക്കുന്നു. തണ്ടമിഴ് ചാത്തൻ, മതുരൈ കുലവാണികൻ എന്നിങ്ങനെ ചിലപ്പതികാരത്തിൽ കാണുന്ന പ്രയോഗങ്ങൾ മണിമേഖല രചയിതാവിനെ കുറിക്കുന്നതാണെന്ന് അഭ്യൂഹമുണ്ട്. കണ്ണകിയുടെ വൃത്താന്തം കവിക്ക് പറഞ്ഞുകൊടുത്തത് ഇദ്ദേഹമാണ്. പക്ഷേ സംഘപ്പുലവരായ സിത്തനാര് (ചാത്തനാർ) മറ്റൊരാളാണെന്നാണ് ചില ചരിത്രകാരന്മാരുടെ വിശ്വാസം. ആഭ്യന്തരമായ തെളിവുകൾ വച്ചുനോക്കുമ്പോൾ ചിലപ്പതികാരവും മണിമേഖലയും ഏഴാം ശതകത്തിന്റെ അന്ത്യത്തിലോ എട്ടാംശതകത്തിന്റെ പ്രാരംഭത്തിലെ ഉണ്ടായവയാണെന്ന് കരുതുന്നതാണ് യുക്തിസഹം.

5. ബൗദ്ധരാണ് ചാക്യാർകൂത്തിനെ ഇന്ന് കാണുന്ന അവസ്ഥയിലേക്ക് വളർത്തിക്കൊണ്ടുവന്നത്. അവർ നാട്യകലയെ മതപ്രചാരണത്തിനായി ഉപയോഗിക്കുന്ന വിവരം വിദേശ സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ചിലപ്പതികാരത്തിൽ പറയുന്ന പറയൂർ കൂത്തച്ചാക്കിയാർ ഒരു ബുദ്ധസന്യാസിയാണ്. ബുദ്ധമതത്തിന്റെ പ്രഭാവം നിലനിന്നിരുന്ന കാലത്ത് ബുദ്ധമത വിശ്വാസികൾ അവതരിപ്പിച്ചിരുന്ന ഈ നൃത്തരൂപം ശാക്യവംശജരായ ചാക്യാന്മാർ ഏറ്റെടുത്തു.

6. തമിഴിലെ പ്രാചീന വ്യാകരണ ഗ്രന്ഥമായ തൊൽകാപ്പിയം ഉൾപ്പെടെ വിവിധ സംഘകാല കൃതികൾക്ക് വ്യാഖ്യാനം രചിച്ച പണ്ഡിതനാണ് നച്ചിനാർക്കിനിയർ. പതിമൂന്നാം ശതകത്തിൽ പാണ്ഡ്യരാജ്യത്ത് ജീവിച്ച ശൈവമത വിശ്വാസിയാണ് ഇദ്ദേഹം. നൂറ്റാണ്ടുകൾക്ക് ശേഷവും അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങൾ പ്രാമാണികമായി തന്നെ നിലനിൽക്കുന്നു. ചിലപ്പതികാരത്തെക്കുറിച്ചുള്ള നൂതനമായ ഉപദർശനങ്ങൾക്ക് നച്ചിനാർക്കിനിയർ വഴികാട്ടിയാവുകയുണ്ടായി.

7. വധുവിനെ ബലംപ്രയോഗിച്ച് തട്ടിക്കൊണ്ടു പോവുകയോ രക്ഷിതാക്കൾക്ക് പണം നൽകി യുവതിയെ സ്വന്തമാക്കുകയോ ചെയ്യുന്ന സമ്പ്രദായമാണ് കൈക്കിളൈ. പരസ്പര സ്നേഹമുള്ള യുവതീയുവാക്കൾ രഹസ്യമായി വിവാഹം കഴിക്കുന്നത് കളവ് എന്നും രക്ഷിതാക്കളുടെ സമ്മതത്തോടെ പരസ്യമായി വിവാഹം കഴിക്കുന്നത് കർപ്പ് എന്നുംഅറിയപ്പെട്ടു. സംഘകാലത്ത് കൂടുതൽ പ്രചാരം 'കളവി'നായിരുന്നു.

8. കൊടുങ്ങല്ലൂരിൽ ചെങ്കുട്ടുവൻ ആരാധിച്ചിരുന്ന ശിവന്റെ സമീപത്ത് കണ്ണകിയെ പ്രതിഷ്ഠിച്ചു. ദേവിയുടെ വീരക്കല്ല് നാട്ടിയതോടെയാണ് കൊടുങ്ങല്ലൂർ എന്ന പേര് നാടിന് കൈവന്നത്. അത് കാലക്രമത്തിൽ കൊടുങ്ങല്ലൂർ ആയി മാറി എന്ന് കൊടുങ്ങല്ലൂർ ഭഗവതി ചരിത്രവും

ഐതിഹ്യവും എന്ന പുസ്തകത്തിൽ പറയുന്നു. എന്നാൽ ഇത് ചിലപ്പതികാരത്തിലില്ല. ചെങ്കുട്ടുവന് കണ്ണകിക്ഷേത്രം നിർമ്മിച്ച് ഹിമാലയത്തിൽ നിന്നു കൊണ്ടുവന്ന ശിലയിൽ വിഗ്രഹം തീർത്ത് പ്രതിഷ്ഠിച്ചു എന്ന് മാത്രം പറഞ്ഞുകൊണ്ട് ചിലപ്പതികാരം അവസാനിക്കുകയാണ്.

9. ചെല്ലപ്പട്ടണം ചീരങ്കപ്പട്ടണം

കാത്തൂതി കാതങ്കപ്പട്ടമെല്ട്രേ

പേർ മൂത്ത രാശി പൊൻവരണ മാലക്കും

മന്നൻ വായ്പാത്തം ചെട്ടിക്കും

കച്ചിക്കല്യാണം ചെയ്തു വായ്ത്തുമേയിറ്ന്താ

എന്നിങ്ങനെ ആരംഭിക്കുന്ന മന്നാൻ കൂത്ത് തുടർന്ന് കഥയുടെ ഇതിവൃത്തത്തിലേക്ക് പ്രവേശിക്കുകയാണ്. കണ്ണകി കോവലൻ എന്നാണ് കഥാപാത്രനാമധേയങ്ങൾ. ശിവ പെരുമാൾ നൽകിയ നാരങ്ങ ഭക്ഷിച്ചാണ് വരണമാലാ ഗർഭം ധരിക്കുകയും കോവലനെ പ്രസവിക്കുകയും ചെയ്യുന്നത്. പാണ്ഡ്യരാജാവിന്റെ വേളിയായ കോവിലിങ്കിയുടെ വയറ്റിൽ കാളി കണ്ണകിയായി പിറക്കുന്നു. ചിലപ്പതികാര കഥയ്ക്ക് ആസ്പദമായ പുരാവൃത്തമാകാം മന്നാൻ കൂത്തിന് അടിസ്ഥാനമായി തീർന്നത്.

## ഗ്രന്ഥസൂചി

എ, വിനി. 2014. നവോത്ഥാനം ക്ലാസിക്ക് കലകളിൽ, കോട്ടയം : നാഷണൽ ബുക്ക് സ്റ്റാൾ.

കുഞ്ഞൻ പിള്ള, *ഇളംകുളം*. 1967. *അന്നത്തെ കേരളം*, കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.

ജോർജ്, കെ. എം. 1977. *തമിഴ് സാഹിത്യം.* തൃശൂർ: കേരള സാഹിത്യ അക്കാദമി.

നാലപ്പാട്ട്, സുവർണ്ണ. 1994. *ചിലമ്പാറിന്റെ ചിലമ്പൊലി*, നാലപ്പാട്ട് ട്രസ്റ്റ് പ്രസിദ്ധീകരണം.

പരമേശ്വരയ്യർ, എസ്. ഉള്ളൂർ. 1953. കേരള സാഹിത്യചരിത്രം. തിരുവിതാംകൂർ സർവകലാശാലാ പ്രസിദ്ധീകരണ വകുപ്പ്.

മാണി, വെട്ടം, 1977. *രണ്ടായിരം വർഷത്തെ തിരഞ്ഞെടുത്ത മലയാള പദ്യങ്ങൾ* (വാല്യം ഒന്ന് ). കോട്ടയം: ഗുരുനാഥൻ പബ്ലിക്കേഷൻസ്.

Lefebvre, Henri. 2004. *The Production of Space.* Oxford: Blackwell.

Narayanan, M.G.S. 1972. *Cultural Symbiosis in Kerala*. Kerala: Kerala Historical Society.

Sakkottai, KrishnaswamiAiyankar. 1911. *Ancient India.* Madras : Luzac & Co: London; S.P.C.K Depository.

Vaiyapuripillai. S. 1956. *History of Tamil Language and Literature.* Madras: New Century Book House.

ചിലപ്പതികാരവ്യാഖ്യാനങ്ങൾ

അടിയാർക്ക് നല്ലാർ, നച്ചിനിയാർകിനിയാർ.